# ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ
## DIPLOMA IN ELEMENTARY EDUCATION D.El.Ed.

സെമസ്റ്റർ - 2

## പേപ്പർ - 208 കല, പ്രവൃത്തി വിദ്യാഭ്യാസം, ബോധനശാസ്ത്രം

യൂണിറ്റ് - 1 രേഖകൾ, വർണങ്ങൾ

യൂണിറ്റ് - 2 ഗീതവും വാദ്യവും

യൂണിറ്റ് - 3 കാമറയുടെ കല

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ
പരിശീലന സമിതി (SCERT)

# കലാവിദ്യാഭ്യാസം



യൂണിറ്റ് 1

## രേഖകൾ വർണങ്ങൾ

**പഠനനേട്ടങ്ങൾ**

- ആശയ വിനിമയത്തിന് ചിത്രകല അനുയോജ്യമായ ഉപാധിയാകുന്നത് എങ്ങനെയെന്ന് വിശദീകരിക്കുന്നു.
- കുട്ടികളുടെ ചിത്രീകരണ രീതികളും ക്ലാസ്റൂം സമീപനങ്ങളും തിരിച്ചറിഞ്ഞ് ക്ലാസ്റൂം പ്രവർത്തനങ്ങൾ ഒരുക്കുന്നു.
- ലേ-ഔട്ട് രചനാതന്ത്രങ്ങൾ എന്നിവയെപ്പറ്റി ധാരണ നേടുന്നു, ഉപയോഗിക്കുന്നു.
- രേഖകൾ രൂപങ്ങൾ, വർണങ്ങൾ, എന്നിവയുടെ ധാരണയോടെ സംയോജനം സംതുലനം എന്നിവ തിരിച്ചറിഞ്ഞ് ചിത്രങ്ങൾ രചിക്കുന്നു.
- സ്വതന്ത്ര രചനകൾ ലഭിക്കുന്ന ആശയത്തിനനുസൃതമായ ചിത്രീകരണം, കാർട്ടൂൺ കാരിക്കേച്ചർ, കൊളാഷ് തുടങ്ങിയ രചനാരീതികൾ പരിചയപ്പെടുന്നു, പരിശീലിക്കുന്നു.

**പ്രധാന ആശയങ്ങൾ**

1.
- ദൃശ്യസ്ഥലപരബുദ്ധി
- ചിത്രകലയും കാഴ്ചയും
- വിവിധ വീക്ഷണ കോണുകൾ
- ആശയ വിനിമയ സാധ്യതകൾ

2.
- മുതിർന്നവരിൽ നിന്നും വ്യത്യസ്ഥവും ഭാവനാസമ്പന്നവും ആശയ രചനാ രീതികൾ കുട്ടികളിൽ ഉണ്ട്.
- കുട്ടികളുടെ ചിത്രരചനയിൽ അവരുടെ സ്വാഭാവിക ഒഴുക്കിന് തടസ്സം നിൽക്കാതെയുള്ള പരിപോഷിപ്പിക്കൽ വേണം.
- കുട്ടികൾ വരക്കുന്ന ചിത്രങ്ങളെ ഗുണാത്മക വിലയിരുത്തലിന് വിധേയമാക്കണം.
- പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളേയും ചിത്രകലയിൽ മെച്ചപ്പെടുത്താൻ കഴിയും.

3.
- കടലാസ്, ബ്ലാക്ക് & വൈറ്റ് ബോർഡ്, തുടങ്ങിയ പ്രതലത്തിൽ ചിത്രങ്ങൾ, ആശയങ്ങൾ എന്നിവ സൗന്ദര്യാത്മകമായും വ്യക്തമായും വിന്യസിക്കേണ്ടതുണ്ട്.
- ചിത്രകലയിൽ ധാരാളം രചനാ തന്ത്രങ്ങൾ ഉണ്ട്.
- Geometrical Pattern അധിഷ്ഠിതമായ ചിത്രങ്ങൾ, കട്ടൗട്ട് ചിത്രങ്ങൾ, Spry Printing, Mabiling, Spattering Printing, നൂൽ ചിത്രങ്ങൾ, മടക്കു ചിത്രങ്ങൾ അക്ഷര ചിത്രങ്ങൾ, പ്രകൃതിദത്ത വർണചിത്രങ്ങൾ, നിഴൽ ചിത്രങ്ങൾ എന്നിവ ഏതൊരാൾക്കും അനായാസം രചിക്കാവുന്നതാണ്.

4.
- വ്യത്യസ്ഥ രേഖാ ചിത്രങ്ങൾ
- ത്രിമാനരൂപങ്ങളുടെ ചിത്രീകരണം
- പ്രാഥമിക വർണങ്ങൾ, ദ്വിതീയ വർണങ്ങൾ ത്രിതീയ വർണങ്ങൾ
- ഘടനരൂപങ്ങൾ, നിഴലും വെളിച്ചവും

5.
- കാർട്ടൂൺ കാരിക്കേച്ചർ എന്നിവ ഫലിതരസ പ്രധാനവുംചിന്തോദീപകവുമായ ചിത്രശാഖയാണ്.
- കൊളാഷ് രചനയിലൂടെ എൽ.പി. യൂപി. കുട്ടികൾക്ക് വർണബോധം, രൂപബോധം, ആശയവിനിമയശേഷി എന്നിവ വികസിക്കാൻ ഏറെ സാധ്യമാകുന്നു.



rajan m krishnan

**ആമുഖം**

രേഖപ്പെടുത്താൻ സാധിക്കുന്ന ആദ്യ കലാരൂപമായിരുന്നു ചിത്രകല. ഏതൊരു കലയും പോലെ ചിത്രകലയും പാരമ്പര്യവും ജന്മസിദ്ധവുമായ കഴിവിലധിഷ്ഠിതമാണ് എന്ന മുൻവിധിയോടെ കാണാറുണ്ട്. എന്നാൽ വരയിലൂടെ ആശയങ്ങൾ പ്രകടിപ്പിക്കാനുള്ള കഴിവും ശേഷിയും എല്ലാവരിലുമുണ്ട് എന്നതാണ് വസ്തുത. കുട്ടികളുടെ ദൃശ്യസ്ഥലപരബുദ്ധിയെ പരിപോഷിപ്പിക്കുവാൻ ചിത്രകലക്ക് കഴിയുമെന്ന ആധുനിക മനശാസ്ത്ര പഠനങ്ങൾ നൽകുന്ന തിരിച്ചറിവ് നമ്മൾ സ്വീകരിക്കേണ്ടതുണ്ട്.

ഭാവനാപൂർണമായി ചിത്രരചനയിൽ ശക്തമായ ആശയങ്ങൾ സന്നിവേശിപ്പിച്ച് സാമൂഹ്യ പ്രതിബദ്ധതയുള്ള വ്യക്തിത്വങ്ങൾ സൃഷ്ടിക്കാനും ആസ്വാദന പ്രകടനശേഷിയുള്ള തലമുറയെ വളർത്തിയെടുക്കാനുംനമുക്ക് കഴിയണം. ചിത്രം രചിക്കുന്നതിനും ആസ്വദിക്കുന്നതിനും വിമർശനാത്മകമായി പ്രതികരിക്കുന്നതിനും ക്ലാസ് മുറിയിൽ അവസരമൊരുക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. ക്ലാസ് മുറി കലയിലെ പുതിയ പരീക്ഷണങ്ങൾ നടത്തുന്ന ലാബുകളായും കുട്ടികൾ സർഗാത്മകതയിൽ പുതിയ മേഖലകൾ തേടുന്ന കലാ ശാസ്ത്രജ്ഞാൻമാരായും വളരേണ്ടതുണ്ട്. തനിക്ക് വൈകാരികമായി പ്രതികരിക്കേണ്ട ഇടങ്ങളിൽ സർഗ്ഗാത്മകമായി പ്രകടനങ്ങൾ നടത്താനുള്ള ഭാഷയായും ചിത്രകല ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഇതിനുള്ള അനുഭവങ്ങളാണ് പഠനമേഖലയിൽ ഉണ്ടാകേണ്ടത്.

**ഉദ്ദേശ്യങ്ങൾ**

- ആശയ വിനിമയത്തിന് ചിത്രകല അനുയോജ്യ ഉപാധിഎന്ന തിരിച്ചറിയുന്നതിന്.
- ശിശുകല സംബന്ധിച്ച് ധാരണ നേടുന്നതിന്.
- സ്വതന്ത്രരേഖാ ചിത്രങ്ങൾ, ആശയത്തിനനുസൃതമായ ചിത്രീകരണം, കാർട്ടൂൺ, കാരിക്കേച്ചർ, കൊളാഷ് എന്നീ രചനാ രീതികൾ പരിചയപ്പെടുന്നതിന്.
- രേഖകൾ, രൂപങ്ങൾ, നിറങ്ങൾ എന്നിവയിൽ ധാരണരൂപീകരിക്കുന്നതിന്.
- ചിത്രകലയുമായി ബന്ധപ്പെട്ട വിവിധ മാധ്യമങ്ങൾ, ഉപകരണങ്ങൾ എന്നിവയെക്കുറിച്ച് ധാരണ കൈവരിക്കുന്നതിന്.
- ലേ-ഔട്ട്, രചനാ തന്ത്രങ്ങൾ എന്നിവയെപ്പറ്റി ധാരണ നേടുന്നതിന്.

**ആശയവിനിമയത്തിന് ചിത്രകല അനുയോജ്യമായ ഉപാധിയാണ് എന്ന് തിരിച്ചറിയുന്നതിന്.**

നമ്മൾ യാത്രചെയ്യുമ്പോൾ കാണുന്ന ചിഹ്നങ്ങൾ എന്തൊക്കെയാണ്?

താഴെകാണുന്ന ചിഹ്നങ്ങൾ എന്ത് ആശയമാണ് കൈമാറുന്നത്?





- **പുകവലി പാടില്ല**
- **എയർഹോൺ ഉപയോഗിക്കരുത്**

എത്ര എളുപ്പത്തിലാണ് ഈ ആശയങ്ങൾ നമ്മളിൽ എത്തുന്നത്? ചർച്ച.

നിത്യജീവിതത്തിൽ ആശയങ്ങളും നിർദ്ദേശങ്ങളും കൈമാറ്റം ചെയ്യാനുള്ള ഏറ്റവും ലളിതമായ മാർഗ്ഗങ്ങളിൽ ഒന്നാണ് ചിഹ്നങ്ങൾ. വളരെയേറെ വാക്കുകൾ ഉപയോഗിച്ച് കൈമാറ്റം ചെയ്യേണ്ട ആശയങ്ങളെ ചെറിയ ചിഹ്നങ്ങളിലൂടെ വളരെ വേഗത്തിൽ വ്യക്തമായി ആയാസ രഹിതമായി എവിടെയും ഉപയോഗിക്കാനാകും. ചിഹ്നങ്ങൾ ഉപയോഗിച്ച് ആശങ്ങൾ പ്രകടിപ്പിക്കുന്ന രീതിയെയാണ് ചിഹ്നശാസ്ത്രം (semiotics) എന്ന് പറയുന്നത്.

നമ്മൾ ഒരാശയത്തെ മറ്റൊരാളിലേക്ക് വാക്കുകളിലൂടെയോ, അക്ഷരങ്ങളിലൂടെയോ പ്രകടിപ്പിക്കുമ്പോൾ ഭാഷയുടെ സഹായം ആവശ്യമായി വരുന്നു. നമ്മൾ ഉപയോഗിക്കുന്ന ഭാഷ കേൾക്കുന്നയാൾക്ക് അല്ലെങ്കിൽ വായിക്കുന്ന ആൾക്ക് അറിയില്ല/ അയാൾ പഠിച്ചിട്ടില്ല എങ്കിൽ നമ്മൾ പറയാൻ ശ്രമിക്കുന്ന ആശയം മറ്റുള്ളവർക്ക് പൂർണമായി ഗ്രഹിക്കാനാവില്ല. അഥവാ പറയുന്ന ആൾ ആശയ പ്രകാശനത്തിൽ പരാജിതനായി തീരുന്നു. ഇത് ഭാഷയുടെ വലിയ പ്രതിസന്ധിയാണ്. ഈ പ്രതിസന്ധി മറികടക്കാൻ ഒരു പരിഭാഷകന്റെ സഹായം ആവശ്യമായിവരുന്നു.

• എന്നാൽ ദൃശ്യഭാഷയ്ക്ക് (ചിത്രത്തിന്) ഈ പരിമിതി ഉണ്ടാകുന്നില്ല. ഒരു ചിത്രം, അല്ലെങ്കിൽ ഒരു ദൃശ്യം മുൻപോട്ട് വെക്കുന്ന ആശയത്തെ ഏത് ഭാഷ ഉപയോഗിക്കുന്നവർക്കും, ഏത് രാജ്യത്ത് താമസിക്കുന്നവർക്കും മനസിലാക്കുവാൻ ഭാഷയുടെയോ, പരിഭാഷകന്റെയോ സഹായം ആവശ്യമായി വരുന്നില്ല. ഉദാഹരണത്തിന് വീട് എന്ന ആശയത്തെ ഇംഗ്ലീഷിൽ 'HOUSE'എന്ന് നമ്മൾ രേഖപ്പെടുത്തിയാൽ ആ വാക്കും അതിന്റെ അർത്ഥവും അറിയാവുന്ന ഒരാൾക്കേ അത് മനസിലാകൂ. എന്നാൽ  ഈചിഹ്നത്തിലൂടെ ഒരു ഭാഷപോലും അറിയാത്ത ആൾക്കും ആശയം ഗ്രഹിക്കാനാകും.

> ഒരു ചിത്രം മുന്നോട്ട് വക്കുന്ന ആശയം ഭാഷയുടെ പരിമിതികൾ മറികടക്കുകയും ആശയം ആസ്വാദകരിൽ എത്തിക്കുന്നതിൽ പൂർണമായി വിജയിക്കുകയും ചെയ്യുന്നു.

അതിനാലാണ് ചിത്രത്തെ അന്തർദേശീയഭാഷ International Language എന്ന് വിളിക്കുന്നത്. •



പാബ്ലോ പിക്കാസോയുടെ ഗോർണിക്ക എന്ന ചിത്രം വിശ്വപ്രസിദ്ധമാണ്. ഗോർണിക്കയിൽ ഉപയോഗിച്ചിരിക്കുന്ന ഏതെല്ലാം ചിഹ്നങ്ങൾ നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയുന്നുണ്ട്? എങ്ങനെയാണ് ചിഹ്നങ്ങൾ നമുക്ക് ആശയങ്ങൾ നൽകുന്നത്

*1937 ൽ നോർത്ത് സ്പെയിനിൽ ആഭ്യന്തര കലാപത്തിന്റെ ഭാഗമായി ജർമ്മനിയുടെ സൈനിക തലവനായ ജനറൽ ഫ്രാങ്കോയുടെ നേതൃത്വത്തിൽ ഗോർണിക്ക എന്ന ചെറുഗ്രാമം ബോംബാക്രമണത്തിൽ നശിപ്പിച്ചു. പൊതുവേ സമാധാനപ്രിയരായ ജനങ്ങൾ അധിവസിച്ചിരുന്ന ഗോർണിക്കായുടെ ദുരവസ്ഥ പിക്കാസോയുടെ മനസിൽ വലിയ വേദനയുളവാക്കി. യുദ്ധത്തോടുള്ള പ്രതികരണമായി 3.49 × 7.76 മീറ്റർ (11.5 feet x 25.6 feet) വലിപ്പത്തിൽ കറുപ്പ് വെള്ള ചാരനിറം ഇവ ഉപയോഗിച്ച്. ഗോർണിക്ക എന്ന ചിത്രം രചിച്ചു. യുദ്ധത്തിൽ മനുഷ്യനും മൃഗങ്ങൾക്കും ഉണ്ടായ നാശത്തെ പിക്കാസോ ക്യൂബിസം ശൈലിയിൽ പുനരവതരിപ്പിച്ചു. സ്പെയിനിന്റെ സംസ്കാര ചിഹ്നമായ കാളയും കാളപ്പോരും, കരയുന്ന കുതിരയും, അമ്മയും കുഞ്ഞും, തകർന്ന ശില്പം*


തുടങ്ങിയ ചിഹ്നങ്ങളിലൂടെ ലോകം മുഴുവൻ ചർച്ച ചെയ്ത ഈ ചിത്രം ഇന്നു യുദ്ധത്തിനെതിരെയുള്ള ചിഹ്നമായി നിലകൊള്ളുന്നു. ഭാഷയുടേയോ, വർണ്ണവർഗ്ഗങ്ങളുടേയോ വേർതിരിവില്ലാതെ പിക്കാസോയുടെ ഗോർണിക്ക ആസ്വാദകരുടെ മനം കവർന്നുകൊണ്ട് നിലകൊള്ളുന്നു.

ആശയവിനിമയത്തിന് ഏറ്റവും അനുയോജ്യമാണ് ചിത്രകല. ഓരോ ചിത്രത്തിനു പിന്നിലും അതീവപ്രധാനമായ ചരിത്രം നിലകൊള്ളുന്നു. ഒരു ചിത്രം വായിക്കുമ്പോൾ നമ്മൾ ചിത്രത്തിലൂടെ ആ കാലഘട്ടത്തിന്റെ ചരിത്രമാണ് വായിക്കുന്നത്.

അതുപോലെ തന്നെ Edvard munch ന്റെ The screme, രാജാരവിവർമ്മ യുടെ Here comes pappa, സുധീഷിന്റെ A Train from the past തുടങ്ങിയവയൊക്കെ ഇത്തരം ശക്തമായ ആശയങ്ങൾ സമൂഹത്തിലേക്ക് വിനിമയം ചെയ്യുവാൻ പ്രാപ്തമാണ്. ഈ ചിത്രങ്ങളുടെ ആസ്വാദനകുറിപ്പ് തയാറാക്കുക

**പരിഗണിക്കാവുന്നഘടകങ്ങൾ**

• ചിത്രത്തിന്റെ ആശയം, • ആശയവിനിമയത്തിന് ഉപയോഗിച്ച ചിഹ്നങ്ങൾ, • സങ്കേതങ്ങൾ (• മാധ്യമം, • പ്രതലം, • ശൈലി, • വലിപ്പം) • കാലഘട്ടം, • സൗന്ദര്യാംശങ്ങൾ.



**Pablo Ruiz Picasso**
Spanish painter, sculptor, printmaker, ceramicist, stage designer, poet and playwright who spent most of his adult life in France.
Born: 25 October 1881, Málaga, Spain
Died: 8 April 1973, Mougins, France
On view: Museum of Modern Art, Art Institute of Chicago,
Periods: Cubism, Surrealism, Expressionism, Post-Impressionism,



***RAJA RAVIVARMA***

*Born* 29 April 1848
Kilimanoor, Travancore
(present day Kerala)


*Died* 2 October 1906
(aged 58)
Attingal,Travancore, British Raj

*Other names*
Koili Thampuran of Kilimanoor,
Ravi Varma Koil Thampuran

*Occupation* Painter, artist



***Here comes pappa,***



*The screme*



**Edvard Munch** was a Norwegian painter, whose best known work, The Scream, has become one of the most iconic images of world art. His childhood was overshadowed by illness, bereavement and the dread of inheriting a mental condition that ran in the family

Born: 12 December 1863, Ådalsbruk, Norway

Died: 23 January 1944, Oslo, Norway

Periods: Expressionism, Modern art, Symbolism, Impressionism, Realism, Post-Impressionism

Known for: Painting and graphic artist

Education: Oslo Engineering College (1879–1880)



സുധീഷ്

***A Train from the past***



'Train from the past'- Oil on Canvas-118 X 140 cm


## കുട്ടികളുടെ ചിത്രകല

*"ഞാനൊരിക്കലും കുട്ടികളെ പോലെ വരച്ചിരുന്നില്ല. ഞാനാദ്യം ശ്രമിച്ചത് ഹെർക്കുലീസിന്റെ പ്രതിമ പകർത്താനായിരുന്നു. വരച്ചു കഴിഞ്ഞപ്പോൾ അത് പകർപ്പ് ആയിരുന്നില്ല, ഹെർക്കൂലീസിന്റെ പ്രതിമ തന്നെയായിരുന്നു. നിങ്ങളെപ്പോലെ കുട്ടിയായിരുന്ന കാലത്ത് ഞാൻ റാഫേലിനേയും, ഡാവിഢ്ചിയേ പോലെയും വരച്ചിരുന്നു. എന്നാൽ കുട്ടികളെപോലെ വരക്കുവാൻ എനിക്ക് വളരെക്കാലം പഠിക്കേണ്ടവന്നു."*

20–ാം നൂറ്റാണ്ട് കണ്ട ഏറ്റവും പ്രഗത്ഭനായ ചിത്രകാരൻ പാബ്ലോ, പിക്കാസോയുടെ "കുട്ടികളുടെ ചിത്രപ്രദർശനം" ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞ വാക്കുകളാണിവ. എങ്ങനെ ആയിരിക്കണം കുട്ടികളുടെ ചിത്രങ്ങൾ എന്നതിന്റെ അടിസ്ഥാന ആശയമാണ് പിക്കാസോയുടെ വാക്കുകൾ.

"അനശ്വര ബാലചിത്രകാരൻ തോമസ് എഡ്മണ്ട് ക്ലീന്റി ന്റെ ചിത്രങ്ങൾ നിങ്ങൾ കണ്ടിരിക്കും. എന്തെല്ലാം പ്രത്യേകതകളാണ് ആ ചിത്രത്തിൽ നിരീക്ഷിക്കാൻ കഴിഞ്ഞിട്ടുള്ളത്.?





*എം.റ്റി. ജോസഫിന്റേയും ചിന്നമ്മ ജോസഫിന്റെയും മകനായ ക്ലിന്റ് തന്റെ ഏഴു വയസുവരെയുള്ള ചെറിയ ജീവിതത്തിൽ ഏകദേശം 25,000 ലധികം ചിത്രങ്ങൾ വരച്ചിരുന്നു. 15 ഏപ്രൽ 1983 ൽ മരിച്ച ക്ലിന്റ് തനിക്കു ചുറ്റും താൻ കണ്ടതും കേട്ടതുമൊക്കെ തന്റെ രീതിയിൽ ചിത്രമായി ആവിഷ്ക്കരിച്ചു. " അമ്മ പറഞ്ഞുകൊടുത്ത കഥകൾ ക്ലിന്റ് സ്വാംശീകരിക്കുകയും താനിതുവരെ കണ്ടിട്ടില്ലാത്ത വസ്തുക്കളും ജീവികളുമൊക്കെ തന്റേതായ രീതിയിൽ ആവിഷ്ക്കരിച്ചു.*

**ക്ലിന്റിന്റെ ചിത്രങ്ങളിൽ പ്ലാബ്ലോ പിക്കാസോയുടെ വാക്കുകൾ എത്രത്തോളം പ്രായോഗികമാകുന്നുവെന്ന് കണ്ടെത്തുക**

എന്തൊക്കെയാണ് കുട്ടികളുടെ ചിത്രത്തിന്റെ പ്രത്യേകതകൾ?

- സ്വാഭാവികമായ രചന
- സ്വതന്ത്രമായും നിർഭയമായുമുള്ള ഇടപെടൽ
- സ്വന്തം കാഴ്ചകളെ തനിക്കിഷ്ടമുള്ള രീതിയിൽ ആവിഷ്കരിക്കൽ
- ആസ്വാദനത്തിന്റെ പുനരാവിഷ്കാരം
- ചിന്തകൾക്ക് പ്രാധാന്യമുള്ള സൃഷ്ടിപരത
- സാങ്കേതികത രേഖ, വർണപ്രയോഗ സിദ്ധാന്തങ്ങൾ എന്നിവയിൽ ആധിഷ്ഠിതമല്ലാത്ത ചിത്രങ്ങൾ

ക്ലാസ് മുറിയിൽ കുട്ടികൾക്ക് രചനക്കാവശ്യമായ അന്തരീക്ഷം ഒരുക്കുമ്പോൾ നമ്മൾ ഈ പറഞ്ഞ കാര്യങ്ങൾ പരിഗണിക്കേണ്ടതില്ലേ?

കുട്ടികൾ തങ്ങളുടെ ആശങ്ങളെ ലളിതമായും സ്വാഭാവികമായും തന്നെ ആവിഷ്ക്കരിക്കുന്നു. അതിനുള്ള അനുകൂല സാഹചര്യം ഒരുക്കിക്കൊടുക്കുക എന്നതായിരിക്കണം അധ്യാപകരും രക്ഷിതാക്കളും മറ്റ് മുതിർന്നവരുടെയും ബാധ്യത.

ചിത്രങ്ങൾക്ക് സാർവ്വ ലൗകികമായ ഒരു ഭാഷ സഹജമായുണ്ട്. 3 മുതൽ 11 വയസുവരെയുള്ള കാലഘട്ടത്തിനെ മനശാസ്ത്രജ്ഞൻമാർ ശൈശവബാല്യകാലഘട്ടം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. നിരവധി വസ്തുക്കളുമായും സംഭവങ്ങളുമായും സമപ്രായക്കാരുമായും അവർ ഈ ബന്ധം സ്ഥാപിച്ചിരിക്കും. കുട്ടി വരക്കുന്ന ചിത്രത്തിനും അവരുടെ ഭാവനക്കും ഇതായിരിക്കും പ്രചോദനകേന്ദ്രം. അവർക്ക് പരിചിതവും സ്വാഭാവികവുമായ സന്ദർഭങ്ങൾ വീടും അയൽപക്കവും മറ്റുമായിരിക്കും. കുട്ടികൾ സൃഷ്ടിക്കുന്ന ഈ പ്രതീകരചനകളിൽ നിന്നും നമുക്കത് തിരിച്ചറിയാനാവണം.

നിരന്തരമായ ചോദ്യങ്ങളിലൂടെയും സംഭാഷണങ്ങളിലൂടെയും ചിത്രകാഴ്ചകളിലൂടെ കുട്ടികളുടെ സർഗ്ഗാത്മക മേഖല തിരിച്ചറിയാൻ നമുക്കാവണം. സാധാരണ പരിചിതരൂപങ്ങളിലൂടെ പ്രതലം നിറക്കാൻ ശ്രമിക്കുന്ന കുട്ടികളെ ഏക വസ്തുക്കളിലേക്ക് (സ്ഥൂലത്തിൽനിന്നുംസൂക്ഷ്മത്തിലേക്ക്) ശ്രദ്ധ കേന്ദ്രീകരിച്ച് രചനനടത്താനുള്ള പ്രോത്സാഹനം നൽകാൻ നമുക്ക് കഴിയണം.

കുട്ടികളുടെ ദൃശ്യ സ്ഥലപരമായ ബുദ്ധിയെ പരമാവധി പരിപോഷിപ്പിക്കാൻ എളുപ്പത്തിൽ ഉപയോഗിക്കാൻ കഴിയുന്ന ക്രയോൺസ്, ഓയിൽ പേസ്റ്റൽസ് തുടങ്ങിയ മാധ്യമങ്ങളിൽ വഴക്കം ലഭിക്കുന്ന പ്രവർത്തനങ്ങൾ ക്ലാസ് മുറികളിൽ നടക്കേണ്ടതുണ്ട്. ഒപ്പം നിരന്തരം ചിത്രം കാണാനുള്ള അവസരവും ഉണ്ടാകണം.

കുട്ടികളുടെ ചിത്രം വിലയിരുത്തുമ്പോൾ ഗുണാത്മകമായ വിലയിരുത്തലുകൾ മാത്രം നടത്തുന്നതിന് വിലയിരുത്തൽ സൂചകങ്ങൾ കുട്ടികളിൽ നിന്നുതന്നെ രൂപപ്പെടുത്തണം. ഇത് പഠന പ്രവർത്തനത്തിന്റെ ഭാഗമായി ക്ലാസ് മുറിയിൽ നടപ്പാക്കുകയും വേണം.

ഇതിന്റെ ഭാഗയായി എന്തെല്ലാം പ്രവർത്തനങ്ങൾ നടക്കേതു്?

- കുട്ടികൾ വരച്ച ചിത്രങ്ങളുടെ പ്രദർശനം
- സ്വയം വിലയിരുത്താനും പരസ്പരം വിലയിരുത്താനുമുള്ള അവസരം
- വിലയിരുത്തലിനു ശേഷം വീണ്ടും മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ
- അഭിനന്ദനങ്ങൾ

*കുട്ടികളുടെ ചിത്രീകരണ രീതികളും ക്ലാസ്റൂം സമീപനവും എന്ന വിഷയത്തിൽ ഒരു സെമിനാർ അവതരിപ്പിക്കുന്നതിന് നിങ്ങൾ എന്തെല്ലാം ആശയങ്ങളാണ് ഉൾപ്പെടുത്തുക.*

*നിങ്ങൾ കുട്ടികളുടെ ചിത്രങ്ങൾ നിരീക്ഷിച്ചല്ലോ? ഇതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ തയാറാക്കിയ അവലോകനകുറിപ്പിന്റെ മികവുകൾ എന്തെല്ലാം? വിലയിരുത്തി മെച്ചപ്പെടുത്തിയ അവലോകനക്കുറിപ്പ് പോർട്ട്ഫോളിയോയിൽ ഉൾപ്പെടുത്തുക.*

**ലേ-ഔട്ട്, രചനാ തന്ത്രങ്ങൾ എന്നിവയിൽ ധാരണ നേടുന്നു. അവ പ്രയോഗിക്കുന്നു.**

ഒരു ആശയത്തെ സമൂഹത്തിന്റെ മുന്നിലെത്തിക്കാൻ നിരവധി ആവിഷ്കാര മാർഗ്ഗങ്ങളുണ്ട്. ഏതെല്ലാം മാർഗങ്ങളാണ് നിങ്ങൾക്ക് നിർദേശിക്കാനുള്ളത്.

- നാടകം
- സിനിമ
- ചിത്രം
- പോസ്റ്റർ
- പുസ്തകരചന/ലേഖനം

*ക്ലാസ്മുറിയിൽ നമുക്ക് എളുപ്പത്തിൽ നടത്താനാവുന്ന പ്രവർത്തനം ഏതായിരിക്കും?*

പോസ്റ്റർ തയാറാക്കുമ്പോൾ നമ്മൾ എന്തെല്ലാം മുന്നൊരുക്കങ്ങൾ നടത്തേണ്ടതുണ്ട്?

എന്തൊക്കെ സാധന സാമഗ്രികൾ കണ്ടെത്തണം?


- **ആശയ രൂപീകരണം**
- **തലക്കെട്ടുകൾ, മുദ്രാവാക്യങ്ങൾ**


- **ആവശ്യമായ ചിത്രങ്ങൾ**
- **പോസ്റ്റർ തയാറാക്കാൻ ആവശ്യമായ സ്കെച്ച്പെൻ, പശ, കത്രിക തുടങ്ങിയ ഉപകരണങ്ങൾ**

*പോസ്റ്റർ തയാറാക്കുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കേണ്ടതുണ്ട്.*

- പെട്ടന്ന് വായിക്കാനാകുന്ന രീതിയിൽ അക്ഷരങ്ങൾ എഴുതണം
- ചിത്രങ്ങൾ ഭംഗിയായി ക്രമീകരിക്കണം
- അനുയോജ്യമായ പശ്ചാത്തല നിറങ്ങൾ, പാറ്റേണുകൾ നല്കണം
- പെട്ടന്ന് ശ്രദ്ധപിടിച്ചുപറ്റുന്ന രീതിയിലുള്ള നിറവ്യത്യാസം സാധ്യമാകണം

*മറ്റെന്തെല്ലാം കാര്യങ്ങൾ നിങ്ങൾക്ക് നിർദേശിക്കാനുണ്ട്.*



**പോസ്റ്ററുകൾ നിർമ്മാണം. പ്രദർശനം.**

ഈ പോസ്റ്റർ ഭംഗിയാക്കുന്നതിൽ പ്രധാനപങ്ക് അതിലെ അക്ഷരങ്ങളുടേയും ചിത്രങ്ങളുടേയും ക്രമീകരണം ആണ്. ഇപ്രകാരം കൃത്യമായി ഘടകങ്ങളെ ക്രമീകരിക്കുന്നതിനാണ് ലേ-ഔട്ട് എന്ന് പറയുന്നത്. ലേ-ഔട്ട് ഭംഗിയാകുമ്പോൾ പോസ്റ്ററിന് കൂടുതൽ ആസ്വാധനക്ഷമത, മിഴിവ് ഇവ കൈവരുകയും അനുവാചകരുമായി സംവേദിക്കുകയും ചെയ്യാം.

പോസ്റ്റർ നിർമ്മിക്കുന്നതിന് അതിന്റെ ലേ-ഔട്ട് എന്തെന്ന് ഏകദേശധാരണ ഉണ്ടാക്കിയതിനുശേഷം നിർമ്മാണം തുടങ്ങിയാൽ പോസ്റ്ററിന്റെ തനിമ നിലനിർത്താൻ സാധിക്കും.

അക്ഷരങ്ങൾ Left, Center, Right തുടങ്ങിയ Allaignment കളിൽ ക്രമീകരിക്കുവാനും, ശ്രദ്ധിക്കേണ്ടതാണ്. ഒട്ടിക്കേണ്ട ചിത്രങ്ങൾ വിവിധ രീതിയിൽ വച്ച് നോക്കി മികച്ച രീതിയിൽ നിർമ്മിക്കാം.

*ഇത്തരം പോസ്റ്ററുകൾ ഭംഗിയാക്കുവാൻ എന്തൊക്കെ രചനാ തന്ത്രങ്ങൾ നമുക്ക് ഉപയോഗിക്കുവാൻ സാധിക്കും?*

- ജ്യാമതീയ രൂപ ചിത്രങ്ങൾ
- സ്പ്രേപെയിന്റിംഗ്
- മാർബിളിംഗ്
- നൂൽപ്രിന്റ് ചിത്രങ്ങൾ
- മടക്കുചിത്രങ്ങൾ
- അക്ഷരചിത്രങ്ങൾ
- മണൽചിത്രങ്ങൾ
- നിഴൽ ചിത്രങ്ങൾ

- **ജ്യാമതീയരൂപ ചിത്രങ്ങൾ**

പ്രകൃതിയിലെ വസ്തുക്കൾ എല്ലാം തന്നെ ജ്യാമതീയ രൂപങ്ങളിൽ അധിഷ്ഠിതമാണ്. ഈ രൂപങ്ങൾ തിരിച്ചറിഞ്ഞാൽ രചന അനയാസം നടത്താം. വൃത്തം, ചതുരം ദീർഘചതുരം, ത്രികോണം തുടങ്ങിയ രൂപങ്ങളിൽ നിന്നും ചിത്രങ്ങൾ നിർമ്മിക്കുന്നത് രസകരമാണ്. ആയാസരഹിതമായി കുട്ടികൾ ഈ പ്രക്രിയയിൽ ഏർപ്പെടുന്നത് കാണാം. ക്ലാസ്മുറിയിൽ ഫലപ്രദമായിനടപ്പാക്കാൻ പറ്റുന്ന രീതിയാണിത്



ജ്യാമതീയരൂപ ചിത്രങ്ങൾ

## .• സ്പ്രേയിംഗ് (Spraying)

വളരെ ലളിതമായ രീതിയിൽ നിറങ്ങളെ ധൂളികളായി തെറുപ്പിച്ച് വർണലേപനം നടത്തുന്ന രീതിയാണിത്. ജലച്ചായം, പോസ്റ്റർ കളർ, തുടങ്ങിയ മാധ്യമങ്ങൾ ഉപയോഗിച്ച് സ്പ്രേപെയിന്റിംഗ് നടത്താം. ടൂത്ത് ബ്രഷ് പ്രകൃതിദത്ത നാരുകൾ എന്നിവ ഉപയോഗിച്ച് ധൂളികൾ സൃഷ്ടിക്കാൻ കഴിയും. ഇതിനായി രൂപങ്ങൾ വെട്ടിയെടുത്തും (cut out) വെട്ടിയ ഉൾഭാഗവും (stencil) പ്രയോജനപ്പെടുത്താം. അച്ചടിയോട് കിടപിടിക്കുന്ന രീതിയിൽ വളരെ വിദഗ്ധമായി ഇത്തരം സ്പ്രേ ചിത്രങ്ങൾ നിർമ്മിക്കാൻ സാധിക്കും. ഭാവന, മസ്തിഷ്ക പേശി വികാസം, ഏകാഗ്രത തുടങ്ങിയവ ഈ പ്രവർത്തനങ്ങളിലൂടെ ലഭിക്കുന്നു.








സ്പ്രേയിംഗ് (Spraying)

- **മാർബ്ളിംഗ്**

ഇരുമ്പിന് ലോഹനാശനം സംഭവിക്കാതിരിക്കാൻ ലേപനം ചെയ്യുന്ന ഇനാമൽ പെയിന്റ് (enamel paint) ഉപയോഗിച്ച് ചെയ്യുന്ന രീതിയാണിത്. ബക്കറ്റിൽ വെള്ളം നിറച്ച് ഉപരിതലത്തിൽ പെയിന്റ് തൂവുന്നു. വെള്ളത്തിൽ ഇനാമൽ പെയിന്റ് ലയിക്കാത്തതിനാൽ അത് വെള്ളത്തിൽ പൊങ്ങികിടക്കും. ഈർക്കിൽ ഉപയോഗിച്ച് വെള്ളത്തിൽ ഇളക്കി ജലോപരിതലത്തിലെ വർണങ്ങൾക്ക് രൂപമാറ്റം വരുത്താം. കട്ടിയുള്ള കടലാസ് വെള്ളത്തിൽ ഇട്ട് അതിലേക്ക് നിറങ്ങൾ ഒപ്പിയെടുക്കാം. പല നിറങ്ങൾ ഉപയോഗിക്കുമ്പോൾ അതിമനോഹരമായ പാറ്റേണുകൾ ഉണ്ടാകുന്നത് നമ്മെ അത്ഭുതപ്പെടുത്തും. ചിത്രം ഉണങ്ങാൻ കുറച്ച് മണിക്കൂറുകൾ വേണ്ടിവരും.






മാർബ്ളിംഗ്

- **സ്പാറ്ററിംഗ് (Spattering)**

നിറങ്ങൾ കടലാസിൽ ജലാംശം കൂട്ടി തൂകിയതിനുശേഷം ഊതിയും പ്രതലം ചലിപ്പിച്ചും നിറങ്ങളെ യഥേഷ്ടം വ്യപിപ്പിക്കുന്ന രീതിയാണിത്. ജലച്ചായം, പോസ്റ്റർ ചായം തുടങ്ങിയവ ഉപയോഗിക്കാം. ഗ്രീറ്റിംഗ് കാർഡുകൾ നിർമ്മിക്കുവാനും പോസ്റ്ററുകൾ നിർമ്മിക്കുമ്പോൾ പ്രത്യേക effect നൽകുവാനും ഈ രീതികൾ ഉപയോഗിക്കാം.





സ്പാറ്ററിംഗ്
(Spattering)

- **മടക്കു ചിത്രങ്ങൾ (folding art)**

ഒരു പേപ്പർ രണ്ടായി മടക്കി നിവർത്തുക. ഇടതുഭാഗത്ത് ജലച്ചായമോ, പോസ്റ്റർ ചായമോ അല്പം നേർപ്പിച്ച് തൂവിയശേഷം പേപ്പർ മടക്കുക. നല്ലപോലെ അമർത്തിയ ശേഷം തുറക്കുമ്പോൾ ഇടതുഭാഗത്തെ നിറങ്ങൾ വലതുവശത്തും പതിഞ്ഞിരിക്കുന്നതു കാണാം. Semitrical Design ന്റെ ഏറ്റവും മികച്ച ഉദാഹരണമാണിത്. ചെറിയ വരകൾ ഉപയോഗിച്ചുകൊണ്ട് രൂപങ്ങളിൽ വ്യക്തത വരുത്താവുന്നതാണ്.

നൂലുകൾ ഉപയോഗിച്ചും ഇത്തരം ചിത്രങ്ങൾ നിർമ്മിക്കാം. നൂല് ചായത്തിൽ മുക്കിയതിനുശേഷം മടക്കി നിവർത്തിയ പേപ്പറിന്റെ ഇടതുവശത്ത് വച്ചതിനുശേഷം പേപ്പർ മടക്കുക. നൂലിന്റെ ഒരറ്റം പേപ്പർ അമർത്തിപ്പിടിച്ചശേഷംപുറത്തേക്ക് വലിക്കുക. നൂല് പൂർണമായി പുറത്ത് വന്നതിനുശേഷം നിവർത്തിയാൽ പൂക്കളോട് സാമ്യമുള്ള ചിത്രം രൂപപ്പെടും. ഒരു പേപ്പറിൽ തന്നെ വിവിധ നിറത്തിൽ ഇത്തരം ചിത്രങ്ങൾ നിർമ്മിക്കാം.







മടക്കു ചിത്രങ്ങൾ (folding art)

- *ഇത്തരത്തിലുള്ള മറ്റു രീതികൾ നമുക്ക് എങ്ങനെ കണ്ടെത്താം.*

ഒരു ചിത്രകാരനുമായി അഭിമുഖം നടത്തുമ്പോൾ വിവിധ ചിത്രരചനാരീതികളെക്കുറിച്ച് എന്തെല്ലാം കാര്യങ്ങളാണ് നിങ്ങൾ അന്വേഷിച്ചറിയുക.

- *അവ ഉൾപ്പെടുത്തി ഒരു ചോദ്യാവലി തയാറാക്കാം.*
- *വിവിധ രചനാതന്ത്രങ്ങൾ നിങ്ങൾ നടത്തിയല്ലോ അതിന്റെ പ്രക്രിയയെ സംബന്ധിച്ച എന്തെല്ലാം കാര്യങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നത്.*

**തുടർപ്രവർത്തനം**

- ഇത്തരത്തലുള്ള രചനാ തന്ത്രങ്ങൾ ഉൾപ്പെടുത്തി ഒരു പുസ്തകത്തിന്റെ കവർ ഡിസൈൻ നിങ്ങളുടെ ഭാവനയിൽ തയാറാക്കുക.

- **രേഖകൾ രൂപങ്ങൾ വർണങ്ങൾ എന്നിവയുടെ ധാരണയോടെ സംയോജനം സംതുലനം എന്നിവ തിരിച്ചറിഞ്ഞ് ചിത്രങ്ങൾ രചിക്കുന്നു.**


മലയാള പ്രസിദ്ധീകരണങ്ങളിലെ കഥകൾക്കും കവിതകൾക്കും ലേഖനങ്ങൾക്കുമൊക്കെ ചിത്രീകരണം നടത്തിയിരിക്കുന്നത് നിങ്ങൾ കണ്ടിരിക്കുമല്ലോ? മികച്ച വായനാനുഭവം നൽകുന്നതിൽ ഇത്തരം ചിത്രീകരണങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ഓരോ പ്രസിദ്ധീകരണങ്ങൾക്കും ഇത്തരത്തിൽ ചിത്രീകരണം നടത്തുന്നതിന് പ്രത്യേകം പരിശീലനം ലഭിച്ച ചിത്രകാരൻമാർ ഉണ്ടായിരിക്കും.

*നിങ്ങൾക്ക് പരിചിതമായ പ്രസിദ്ധീകരണങ്ങളിൽ വരക്കുന്ന ആളുകൾ ആരെല്ലാമാണ്?*


- എ.എസ്. നായർ
- എം.വി. ദേവൻ
- നമ്പൂതിരി
- സി.എൻ. കരുണാകരൻ
- ചന്ദ്രശേഖരൻ ചാൻസ്
- ഭാസ്കരൻ
- ഷെറീഫ്
- ടോം ജെ വട്ടക്കുഴി
- ഭാഗ്യനാഥ്



ചിത്രീകരണം.
എ.എസ്. നായർ



ചിത്രീകരണം.
നമ്പൂതിരി



ചിത്രീകരണം.
ഭാഗ്യനാഥ്



ചിത്രീകരണം.
ഷെറീഫ്

*ഇവരുടെ ചിത്രീകരണങ്ങളുടെ പ്രത്യേകതകളെ അടിസ്ഥാനപ്പെടുത്തി ക്ലാസിൽ ഒരു ചർച്ച സംഘടിപ്പിക്കുന്നതിന് നിങ്ങൾ ഊന്നൽ നൽകുന്നത് എന്തിനൊക്കെയാണ്?*

സൂചനകൾ

- ശൈലി
- മാധ്യമം
- സംയോജനം
- വർണങ്ങൾ

**ഇതുകൂടാതെ മറ്റെന്തെല്ലാം കാര്യങ്ങൾ നിങ്ങൾക്ക് കൂട്ടിച്ചേർക്കാനുണ്ട്?**

- ഓരോ ചിത്രകാരൻമാരും വ്യത്യസ്ത രീതിയിൽ ആണ് ചിത്രീകരണം നടത്തുന്നത്. ശൈലീകൃതമായും, സ്വാഭാവികമായുമുള്ള ചിത്രീകരണം സാധ്യമാണ്. രേഖകൾ ഉപയോഗിച്ചും വർണങ്ങൾ ഉപയോഗിച്ചും രചന നടത്താറുണ്ട്.

അടുത്തകാലംവരെ രേഖാ ചിത്രങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഇവരിൽ പലരും രേഖാചിത്രകാരൻമാരായാണ് അറിയപ്പെടുന്നത്. ഇവർ തങ്ങളുടെ ചിത്രങ്ങളിൽ പലതരത്തിലും രീതിയിലുമുള്ള രേഖകൾ ഉപയോഗിക്കുന്നു. പേനയും, ബ്രഷും, ചാർക്കോൾ അടക്കമുള്ള മീഡിയം ഉപയോഗിക്കാറുണ്ട്. എണ്ണച്ചായം, അക്രിലിക് തുടങ്ങിയ മീഡിയങ്ങളിൽ ചിത്രീകരണം നടത്തുന്നവരുമുണ്ട്. രേഖാ ചിത്രങ്ങൾക്കായി പല തരത്തിലുള്ള പേനകൾ ഉപയോഗിക്കാറുണ്ട്.


- *നിങ്ങൾ നിരീക്ഷിച്ച ചിത്രങ്ങളുടെ ഒരു പ്രതിഫലനക്കുറിപ്പ് എങ്ങനെയായിരിക്കും?*

ഇത്തരം ചിത്രീകരണങ്ങളിലും പെയിന്റിംഗുകളിലും വിവിധ രേഖകളും വർണങ്ങളും മാധ്യമങ്ങളും ഉപയോഗിക്കാറുണ്ട് എന്ന് നിങ്ങൾ കണ്ടല്ലോ. ചിത്രകാരൻമാർ സാധാരണ ഉപയോഗിക്കുന്ന സങ്കേതങ്ങൾ എന്തൊക്കെയായിരിക്കും.

- രേഖകൾ
- ത്രിമാനത
- വർണങ്ങൾ
- നിഴലും വെളിച്ചവും
- മാധ്യമങ്ങൾ,
- പ്രതലം, ഉപകരണങ്ങൾ

**രേഖകൾ**


പ്രകൃതിയിൽ രേഖകൾ ഇല്ല എന്നാണ് വിശ്രുത ചിത്രകാരൻ "ഫ്രാൻസിസ് ഗോയ" അഭിപ്രായപ്പെട്ടത്. അനേകം ബിന്ദുക്കൾ ചേർന്നതാണ് രേഖ. നേർരേഖകളും വക്രരേഖകളും ഉണ്ട്. നിറങ്ങൾ കടുപ്പങ്ങൾക്കനുസരിച്ച് തരം തിരിക്കുന്നതുപോലെ നേർത്തരേഖകൾ (thin lines) കടുത്തരേഖകൾ (thick lines) എന്നും തിരിക്കാം, ലംബരേഖകൾ (vertical lines) തിരശ്ചീനരേഖകൾ (horizondal lines) കോണിക് രേഖകൾ (sloping line) സ്വതന്ത്രരേഖകൾ രചനയിൽ ഉണ്ടായിരിക്കും. സാങ്കല്പികമായ ഒരു പുറം വര (out line) ചിത്രത്തിന്റെ പൂർത്തീകരണത്തിന് ആവശ്യമാണ്. എന്നാൽ പ്രകൃതിയിലോ വസ്തുക്കളിലോ ഇത്തരത്തിൽ പുറം വര (out line) കാണുവാൻ സാധിക്കില്ല. അനേകം രേഖകൾ കൂട്ടിച്ചേർത്ത് shade, shadow തുടങ്ങിയവ ചിത്രത്തിന് ത്രിമാനത വരുത്താറുണ്ട്.



(വ്യത്യസ്ത രേഖകൾ

- **ത്രിമാനത**

നീളവും വീതിയും മാത്രമുള്ള ഒരു പ്രതലത്തിൽ ഘനത്വം സൃഷ്ടിക്കുക എന്നതാണ് ത്രിമാനത. വസ്തുവിൽ വീഴുന്ന നിഴൽ, വെളിച്ചം ഇവ സ്വാഭാവികമായി ചിത്രീകരിച്ച് ത്രിമാനത സാധ്യമാക്കാം. ഒരു ത്രിമാന വസ്തുവിന്റെ മുകളിൽ സ്വാഭാവിക വെളിച്ചം പതിയുമ്പോൾ ഇരുട്ടായഭാഗങ്ങൾ () വ്യത്യസ്ഥകടുപ്പങ്ങളിൽ ഉണ്ടായിരിക്കും. പൂർണവെളിച്ചത്തിൽ നിന്നും പൂർണ ഇരുട്ടിലേക്കുള്ള വർണവ്യത്യാസത്തെ സൂക്ഷ്മതലത്തിൽ നിരീക്ഷിക്കുകയും വസ്തുവിന്റെ യഥാർത്ഥ നിറത്തിനനുസരിച്ച് ചിത്രീകരിക്കുവാൻ ശ്രമിക്കുകയും വേണം. കൂടാതെ വസ്തു സ്ഥിതിചെയ്യുന്ന സ്ഥലത്ത് പതിഞ്ഞിരിക്കുന്ന നിഴലും വസ്തുവിന്റെ ത്രിമാനത സൃഷ്ടിക്കൻ സഹായിക്കുന്ന ഘടകമാണ്.





**വർണങ്ങൾ**

നമ്മുടെ കാഴ്ചകളെ മനോഹരവും ഹൃദയഹാരിയുമാക്കുന്നതിൽ വർണങ്ങളുടെ പങ്ക് എത്രയോ വലുതാണ്. വർണങ്ങളില്ലാത്ത ഒരു ലോകത്തെക്കുറിച്ച് ചിന്തിക്കുകതന്നെ അസാധ്യമാണ്. ഓരോ വസ്തുവും വ്യക്തിയും വ്യത്യസ്ഥമാകുന്നതിൽ വർണങ്ങൾ എത്ര സ്വാധീനം ചെലുത്തുന്നുവെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഓരോ വർണവും നമ്മളിലുണ്ടാക്കുന്ന അനുഭൂതിതലങ്ങൾ വ്യത്യസ്ഥമാണ്. ഓരോ മനുഷ്യന്റെയും വർണബോധവും വ്യത്യസ്ഥമാണ്. ചില പ്രത്യേക വർണങ്ങൾ നിറഞ്ഞ സ്ഥലങ്ങൾ നമുക്ക് ശാന്തമായ പ്രതീതി ഉളവാക്കുന്നതും. ചില നിറങ്ങൾ അസ്വസ്ഥത ഉണ്ടാക്കുന്നതും അതുകൊണ്ടാണ്.


*പ്രശസ്ത ചിത്രകാരനായിരുന്ന Paul Guagin അദ്ദേഹത്തിന്റെ Yellow Christ എന്ന പെയിന്റിംഗിൽ ക്രിസ്തുവിന് മഞ്ഞ നിറമാണ് നൽകിത്. അദ്ദേഹം പറയുന്നത് മഞ്ഞ പ്രണയത്തിന്റെ നിറമാണ് എന്നതാണ്. ലോകത്തെ മുഴുവൻ സ്നേഹിച്ചക്രിസ്തുവിന് ഏറ്റവും ചേരുന്ന നിറം മഞ്ഞയാണ് എന്ന അദ്ദേഹം അവകാശപ്പെടുന്നുണ്ട്.*

**എങ്കിൽ മറ്റ് നിറങ്ങൾ എന്തൊക്കെ അനുഭൂതികളും ഭാവങ്ങളുമാണ് നൽകുന്നത്.**



**Eugène Henri Paul Gauguin**
was a French post-Impressionist artist. Unappreciated until after his death, Gauguin is now recognized for his experimental use of color and Synthetist style that were distinctly different from Impressionism.

Born: 7 June 1848, Paris, France
Died: 8 May 1903, Atuona, French Polynesia
Periods: Post-Impressionism, Modern art, Impressionism, Primitivism, Synthetism, Symbolism
Known for: Painting, sculpture, ceramics, engraving
Children: Pola Gauguin, Jean René Gauguin, Émile Gauguin,



*Yellow Christ*

ചിത്രങ്ങൾ പരിശോധിച്ച് അവയിൽ ഉപയോഗിച്ചിരുന്ന നിറങ്ങൾ ചിത്രത്തിന്റെ ഭാവത്തെ ആശയത്തെ എങ്ങനെയാണ് സ്വാധീനിക്കുന്നുവെന്ന് ചർച്ച ചെയ്യുക.

*ചർച്ചാ സൂചകങ്ങൾ എന്തെല്ലാം?*

- വൈകാരികഅനുഭൂതിസൃഷ്ടിക്കുന്നു
- ദൃശ്യഭംഗികൂട്ടുന്നു

ഇനി എന്തൊക്കെ പറയാനാകും...

എങ്കിൽ വ്യത്യസ്തമായ വർണപ്രപഞ്ചങ്ങൾ സൃഷ്ടിക്കാൻ ഏതെല്ലാം നിറങ്ങൾ പരസ്പരം ചേർത്ത് പുതിയനിറങ്ങൾ സൃഷ്ടിച്ചിട്ടുണ്ടാവാം. ഏതൊക്കെ നിറങ്ങൾ പരസ്പരം ചേർത്ത് പുതിയ നിറങ്ങൾ ഉണ്ടാക്കാൻ സാധിക്കും?

- **പ്രാഥമിക വർണങ്ങൾ** (Primary Colours) : *മഞ്ഞ, ചുമപ്പ്, നീല*
- **ദ്വിതീയ വർണങ്ങൾ** (Secondary Colours) : താഴെക്കൊടുത്തിരിക്കുന്ന വർണങ്ങൾ സംയോജിപ്പിച്ച് പുതിയതായി കിട്ടിയ വർണങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തുക.

| | | |
|---|---|---|
| മഞ്ഞ + ചുമപ്പ് | = | |
| മഞ്ഞ + നീല | = | |
| ചുമപ്പ് + നീല | = | |

- **ത്രിതീയ വർണങ്ങൾ** (Tertiary Colours) : സിട്രൻ, ഒലീവ്, റൂസറ്റ്

| | | |
|---|---|---|
| ഓറഞ്ച് + പച്ച | = | സിട്രിൻ |
| പച്ച + വയലറ്റ് | = | ഒലീവ് |
| ഓറഞ്ച്+ വയലറ്റ് | = | റൂസറ്റ് |

- മാരിവിൽ നിറങ്ങൾ (Rainbow Colours): വയലറ്റ്, ഇൻഡിഗോ, ബ്ലൂ, ഗ്രീൻ, മഞ്ഞ, ഓറഞ്ച്, ചുമപ്പ്
- ഒരു നിറത്തിനോടൊപ്പം വെള്ള ചേർത്താൽ ആ നിറത്തിന്റെ Tone കൾ ലഭിക്കും, കറുപ്പ് ചേർത്താൽ shade ഉം കിട്ടുന്നു.

**പ്രവർത്തനം**

*ഇഷ്ടമുള്ള ചിത്രം വരച്ച് പ്രാഥമിക, ദ്വിതീയവർണങ്ങൾ നൽകി ഭംഗിയാക്കുക.*

കേരളത്തിൽ ചിത്രകലയുടെ നവോഥാനത്തിന് തുടക്കംകുറിച്ചത് രാജാരവിവർമ്മയായിരുന്നു. രാജാക്കൻമാരിലെ ചിത്രകാരൻ, ചിത്രകാരന്മാരിലെ രാജാവ് എന്നൊക്കെയാണ് അദ്ദേഹത്തെ കലാലോകം വിശേഷിപ്പിക്കുന്നത്. രാജാരവിവർമ്മയുടെ പേര് പരാമർശിക്കാതെ കേരളീയ ചിത്രകലാ ചരിത്രം ചിന്തിക്കാൻ ആവില്ല.

- ചിത്രകലയുടെ രാജാവ് എന്ന രീതിയിൽ അദ്ദേഹം വളർന്നതിൽ അദ്ദേഹത്തിന്റെ അമ്മാവൻ രാമരാജവർമ്മയുടെ പങ്ക് വലുതാണ്. രാജാരവിവർമ്മയുടെ കുട്ടിക്കാലത്ത് രവിവർമ്മ രാജകൊട്ടാരത്തിന്റെ വെളുത്ത ഭിത്തിയിൽ കരിക്കട്ട കൊണ്ട് വരച്ച ചിത്രം അമ്മാവൻ കാണുന്നു. രവിവർമ്മയുടെ പ്രതിഭ തിരിച്ചറിഞ്ഞ അമ്മാവൻ രവിവർമ്മയെ ചിത്രകലയുടെ വലിയ ലോകത്തേക്ക് നയിക്കുന്നു.

*എന്തായിരിക്കാം രവിവർമ്മയുടെ ജീവിതകഥ? സ്കൂൾ ലൈബ്രറിയുടെ സഹായത്തോടെ പൂർത്തീകരിക്കാമോ ?*

.



ഹംസദമയന്തി. രാജാരവിവർമ്മ ചിത്രം

രാജാരവിവർമ്മ ചിത്രം വരച്ചത് രാജകൊട്ടാരത്തിന്റെ ഭിത്തിയിൽ ആയിരുന്നു. വരക്കാനുപയോഗിച്ചത് കരിക്കട്ടയും. സാധാരണ ചിത്രകാരന്മാർ വരക്കാനുപയോഗിക്കുന്ന തലത്തെയാണ് പ്രതലം എന്നാണ് പറയുന്നത്. വരക്കാനുപയോഗിച്ച വസ്തുക്കളെ മാധ്യമങ്ങൾ, ഉപകരണങ്ങൾ എന്നൊക്കെ പറയും. വരക്കുന്ന പ്രതലത്തിന്റെ മാധ്യമത്തിന്റെ ഉപകരണത്തിന്റെ മികവ് വരക്കുന്ന ചിത്രങ്ങളെ സ്വാധീനിക്കും. മികച്ച ഉപകരണങ്ങൾ ഉപയോഗിച്ച് രചിച്ച ചിത്രങ്ങൾ കാലാന്തരത്തോളം നിലനിൽക്കും. അല്ലാതെ നിറംമങ്ങി, മാഞ്ഞ് ഇല്ലാതാകും. ചിത്രകാരൻ തന്റെ മാധ്യമം തിരഞ്ഞെടുക്കുന്നത് കാലാതീതമായി നില നിൽക്കുന്ന കലാസൃഷ്ടികൾ രചിക്കുവാനാണ്.

*ചിത്രകാരൻമാർ ഉപയോഗിക്കുന്ന പ്രതലം മാധ്യമം, ഉപകരണങ്ങൾ, എന്തൊക്കെ ആയിരിക്കും താഴെ തന്നിരിക്കുന്ന പട്ടിക പൂർത്തീകരിക്കാം.*

| **പ്രതലങ്ങൾ** | **മാധ്യമങ്ങൾ** | **ഉപകരണങ്ങൾ** |
|---|---|---|
| ചുമർ, നിലം | എമൽഷൻ, അക്രിലിൽ ഓയിൽ | പെൻസിൽ, കരിക്കട്ട |
| തുണി/കാൻവാസ് | ഫാബ്രിൽ പെയിന്റ് അക്രിലിൽ | വിവിധതരം ബ്രഷുകൾ |
| | | |
| | | |
| | | |

**നിഴലും വെളിച്ചവും**

യൂറോപ്യൻ നവോത്ഥാന കാലഘട്ടത്തിലെ പ്രഗത്ഭനായ ചിത്രകാരനായിരുന്നു റംബ്രന്റ്. അദ്ദേഹത്തിന്റെ ചിത്രങ്ങളുടെ പ്രത്യേകത നിയന്ത്രിതമായ വെളിച്ചമായിരുന്നു. ചിത്രത്തിൽ പ്രധാന ഭാഗത്ത് കേന്ദ്രീകരിക്കുന്ന വെളിച്ചം, മാസ്മരികമായ ചിത്രാനുഭൂതി പ്രദാനം ചെയ്തിരുന്നു. സിനിമയിൽ ഉപയോഗിക്കുന്ന ചില വെളിച്ച സംവിധാനത്തെ റംബ്രന്റ് ഇഫക്ട് എന്നുതന്നെ വിശേഷിപ്പിക്കാറുണ്ട്.



**Rembrandt Harmenszoon van Rijn** was a Dutch draughtsman, painter and printmaker. An innovative and prolific master in three media, he is generally considered one of the greatest visual artists in the history of art and the most important in Dutch art history.
Born: 15 July 1606, Leiden, Netherlands
Died: 4 October 1669, Amsterdam, Netherlands
Periods: Baroque, Dutch Golden Age, Italian Renaissance
Full name: Rembrandt Harmenszoon van Rijn
Spouse: Saskia van Uylenburgh (m. 1634–1642)
Known for: Painting, Printmaking, Drawing
Artworks



*റംബ്രന്റിന്റെ ചിത്രങ്ങൾ പരിശോധിച്ച് ചിത്രത്തിലെ വെളിച്ചത്തിന്റെ സ്വാധീനം തിരിച്ചറിയാം.*

ചിത്രത്തിന് സ്വാഭാവികതയും തനിമയും സൃഷ്ടിക്കാനും ത്രിമാനപ്രതീതി ജനിപ്പിക്കാനും നിഴലും വെളിച്ചവും കേന്ദ്രീകരിച്ച ചിത്രീകരണത്തിന് കഴിയുന്നു. വെളിച്ചത്തിന്റെ കളിത്തോഴനാണ് നിഴൽ എന്നു പറയുന്നത്. വെളിച്ചത്തിന്റെ തീവ്രത കൂടുമ്പോൾ നിഴലിന്റെ ശക്തി വർദ്ധിക്കുന്നു. വെളിച്ചത്തിന്റെയും നിഴലിന്റെയും തിരിച്ചറിവ് ചിത്രത്തിന്റെ ആസ്വാദനക്ഷമതയെ വർദ്ധിപ്പിക്കാറുണ്ട്.

- ഇത്തരം സങ്കേതങ്ങൾ കൂടുതൽ വ്യക്തമായി മനസിലാക്കാൻ ഒരു ശില്പശാല സംഘടിപ്പിക്കാൻ എന്തൊക്കെ തയാറെടുപ്പുകൾ നമ്മൾ നടത്തണം.
  - എന്തൊക്കെ പ്രതലങ്ങൾ
  - ഉപകരണങ്ങൾ
  - മാധ്യമങ്ങൾ
  - ..........................
  - ..............................

**സ്വതന്ത്ര രചനകൾ ലഭിക്കുന്ന ആശയത്തിനനുസൃതമയ ചിത്രീകരണം, കാർട്ടൂൺ, കാരിക്കേച്ചർ, കൊളാഷ് തുടങ്ങിയ രീതികൾ പരിചയപ്പെടുന്നു. പരിശീലിക്കുന്നു.**


**'ബോബനും മോളിയും'** മലയാളിയെ ഏറ്റവും അധികം ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത രണ്ട് കഥാപാത്രങ്ങൾ ആണ്. ഇവരെ നിങ്ങൾക്ക് അറിയാമോ? ടോംസ് എന്ന പ്രതിഭാശാലിയായ കാർട്ടൂണിസ്റ്റ് സൃഷ്ടിച്ച ഈ കുസൃതികുരുന്നുകൾ മലയാളികളെ മുഴുവൻ പൊട്ടിച്ചിരിപ്പിച്ചും ചിന്തിപ്പിച്ചും കടന്നുപോകുന്നവരാണ്. ഇവർ നടന്നുപോയ വഴികളിൽ ഇവർക്കു കൂട്ടായി മറ്റനേകം കഥാപാത്രങ്ങളേയും ടോംസ് സൃഷ്ടിച്ചിട്ടുണ്ട്. ഇവർ സമൂഹത്തിലെ ഓരോ സംഭവങ്ങളേയും അത് രാഷ്ട്രീയമാകട്ടെ, മതപരവും സാമൂഹ്യവുമാകട്ടെ എന്തിനേയും ഫലിതരസപ്രധാനമായി ഹാസ്യത്തിന്റെയും വിമർശത്തിന്റെയും അകമ്പടിയോടെ അവതരിപ്പിച്ചു. ഇവർ സ്പർശിക്കാത്ത ഒരു മേഖലയും മലയാളി സമൂഹത്തിൽ ഇല്ലായിരുന്നു. സമൂഹത്തിൽ നിലനിന്നിരുന്ന എല്ലാ അനാചാരങ്ങളെയും ഇവർ വിമർശനത്തിന്റെ മുൾമുനയിൽ കൊരുത്തിരുന്നു. ഇന്നും എല്ലാ പത്രങ്ങളുടേയും ആനുകാലികങ്ങളുടേയും പ്രധാനപേജുകളിൽ കാർട്ടൂണിന് സ്ഥലം നൽകിയിട്ടുണ്ട്. ഒരു ആശയത്തെ / സംഭവത്തെ ഹാസ്യാത്മകമായി വിമർശനാത്മകമായി അവതരിപ്പിക്കുകയാണ് കാാർട്ടുണുകൾ ചെയ്യുന്നത്.



'ബോബനും മോളിയും'




കാർട്ടൂൺ. ശങ്കർ




കാർട്ടൂൺ. അബു





കാർട്ടൂൺ. കുട്ടി





കാർട്ടൂൺ. ലക്ഷ്മൺ



ശങ്കർ,



അബു,



കുട്ടി,



ആർ.കെ. ലക്ഷ്മൺ



ടോംസ്

- ആനുകാലികങ്ങളിലൂടെയും മറ്റും നിങ്ങൾക്ക് പരിചിതരായ കാർട്ടൂണിസ്റ്റുകൾ കാർട്ടൂണുകൾ ഏതൊക്കെയാണ്?
- കാർട്ടൂൺ എങ്ങനെയാണ് സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ ഇടപെടലുകൾ നടത്തുന്നത്?
- കാർട്ടൂണിസ്റ്റിന്റെ ധർമ്മങ്ങൾ എന്തൊക്കെയാണ്?

*കാർട്ടൂൺ കലയുടെ നൂറാം വർഷം ആഘോഷിക്കുന്ന വേളയോടനുബന്ധിച്ച് ഒരു കാർട്ടൂൺ ആൽബം തയാറാക്കുക.*

ശങ്കർ, യേശുദാസൻ, ബി.എം. ഗഫൂർ, അബു, കുട്ടി, ആർ.കെ. ലക്ഷ്മൺ ..................

- ഇവരുടെ കാർട്ടൂണുകളുടെ പ്രത്യേകതകൾ എന്തൊക്കെയാണ്?
- ഇവരല്ലാത്ത മറ്റ് കാർട്ടൂണിസ്റ്റുകൾ ആരൊക്കെ?

*ഒരു കാർട്ടൂൺ രചിക്കാൻ എന്തൊക്കെ തയാറെടുപ്പുകൾ നടത്തേണ്ടതുണ്ട്?*

• ആശയം • കഥാപാത്രങ്ങൾ • ഡയലോഗുകൾ • കാലിക പ്രസക്തി

*ഇഷ്ടമുള്ള ആശയത്തിൽ സ്വന്തമായി ഒരു കാർട്ടൂൺ വരച്ച് നിറം നൽകുക.*

ഇന്ത്യൻ കാർട്ടൂണിന്റെ കുലപതി ശങ്കർ ആണ്. സ്വതന്ത്ര ഇന്ത്യയിലെ പ്രധാനപ്പെട്ട എല്ലാ രാഷ്ട്രീയ നേതാക്കളും ശങ്കറിന്റെ കാർട്ടൂണുകളിൽ ഇടം നേടിയിട്ടുണ്ട്. ഹാസ്യരസമാണ് കാർട്ടൂണിന്റെ സ്ഥായീ ഭാവം. ഹാസ്യ ചിത്രങ്ങൾക്ക് അടിസ്ഥാനം അതിശയപരത (exageration) ആണ്. സാമൂഹ്യമാറ്റത്തിന് കാർട്ടൂണുകൾ ഏറെ പ്രയോജനപ്പെടുന്നുണ്ട്.

കാർട്ടൂൺ പോലെതന്നെ പ്രധാന ശാഖയാണ് **കാരിക്കേച്ചർ.** ഒരു വ്യക്തിയുടേയോ വസ്തുവിന്റേയോ രൂപത്തിലെ വ്യത്യസ്ഥതകളും സവിശേഷതകളും ഹാസ്യാത്മകമായി നർമ്മഭാവനയോടെ ചിത്രീകരിക്കുന്നതാണ് കാരിക്കേച്ചർ. മനുഷ്യരൂപങ്ങൾ മാത്രമല്ല സചേതനവും അചേതനവുമായ എല്ലാ രൂപങ്ങളും അതിശയപരത കൂട്ടിക്കലർത്തി ആവിഷ്ക്കരിക്കാവുന്നതാണ്. കുട്ടികളിൽ സൂക്ഷ്മ നിരീക്ഷണ പാടവും അനുകരണ ശേഷിയും വർദ്ധിപ്പിക്കാൻ കാരിക്കേച്ചർ രചനയിലൂടെ സാധിക്കും.









*വ്യത്യസ്ത കാർട്ടൂണിസ്റ്റുകളുടെ, കാരിക്കേച്ചറുകൾ ശേഖരിച്ച് ആൽബം തയാറാക്കാം*

*ഏതെങ്കിലും കാർട്ടൂണുകളുടെ ആസ്വാദനകുറിപ്പ് തയാറാക്കുക*

**കൊളാഷ് രചന**

ചിത്രരചനയിലെ ഒരു മുഖ്യമാധ്യമമാണ് കൊളാഷ്. ഫ്രഞ്ചുഭാഷയിൽ കൊളാഷ് എന്ന പദത്തിന്റെ അർത്ഥം പലതുണ്ടുകൾ ഒട്ടിച്ചുണ്ടാക്കിയ ചിത്രം എന്നാണ്. കളർകടലാസുകഷ്ണങ്ങൾ, ധാന്യങ്ങൾ തുടങ്ങിയവ ഇതിനായി ഉപയോഗിക്കാം. വർണബോധം, രൂപബോധം, ആശയവിനിമയക്ഷമത തുടങ്ങിയ ചിത്രരചനാ ശേഷികളും ക്ഷമത, ഏകാഗ്രത, സൂഷ്മത തുടങ്ങിയ ഗുണങ്ങളും കൊളാഷ് രചനയിലൂടെ ലഭിക്കുന്നു. എൽ.പി. യൂ.പി ക്ലാസ്സുകളിലെ കുട്ടികൾക്ക് വളരെ മികച്ച പഠനപ്രവർത്തനമാണിത്.

*കൊളാഷ് നിർമ്മിക്കാൻ വേണ്ട സാമഗ്രികൾ എന്തൊക്കെയാണ്?*

- കടലാസ്, വർണകടലാസ്
- തുണി കഷ്ണങ്ങൾ
- പശ
- ..................................
- .......................................









*കൊളാഷ് നിർമ്മാണത്തിന്റെ ഘട്ടങ്ങൾ എന്തൊക്കെയാണ്. ചർച്ച ചെയ്യുക.*

- ആശയം
- പുറംവര
- സ്വാഭാവിക നിറങ്ങൾക്കായുള്ള കടലാസുതുണ്ടുകൾ ഒട്ടിക്കൽ
- ഫിനിഷിംഗ്
- ......................................
- ......................................

*ഇഷ്ടമുള്ള ആശയത്തിൽ ഒരു കൊളാഷ് നിർമ്മിക്കുക.*

*പ്രൈമറി ക്ലാസുകളിൽ ഇതിന്റെ പഠനസാധ്യതകൾ എന്തെല്ലാമെന്ന് ചർച്ച ചെയ്ത് ചർച്ചാക്കുറിപ്പ് തയാറാക്കുക.*

# കലാവിദ്യാഭ്യാസം



യൂണിറ്റ് 2

## ഗീതവും വാദ്യവും



Sys.15/Lizy/II semester/Deepa.tr/D.El.Ed._Cur./Art.Edn.Final Correction/16/01/19

**പഠനനേട്ടങ്ങൾ**

- വിദ്യാഭ്യാസത്തിൽ സംഗീത കലയുടെ പ്രസക്തിയും പ്രാധാന്യവും തിരിച്ചറിയുന്നു.
- വ്യത്യസ്തങ്ങളായ സംഗീതശാഖകൾ പരിചയപ്പെടുന്നു. ആലപിക്കുന്നു.

2. • നാടൻപാട്ടുകൾ, ശാസ്ത്രീയ സംഗീതം എന്നിവ വേർതിരിച്ചറിഞ്ഞ് അധ്യാപന ശേഷി കൈവരിക്കുന്നതിന്

- പാഠപുസ്തകങ്ങളിലെ കവിതകളുടെ അവതരണം
- നാദം, ശ്രുതി, താളം തുടങ്ങി സംഗീതത്തിലെ സാങ്കേതികമായ കാര്യങ്ങളില ധാരണ നേടുന്നു.
- വാദ്യോപകരണങ്ങൾ തിരിച്ചറിയുകയും, വേർതിരിക്കുകയും ചിലവ വാദനം നടത്തിനോക്കുകയും ചെയ്യുന്നു.
- പ്രത്യേക പരിഗണനന അർഹിക്കുന്ന കുട്ടികളെ സംഗീത കലയിലൂടെ മെച്ചപ്പെടുത്തൽ - ധാരണ നേടുന്നു.

**പ്രധാന ആശയങ്ങൾ**

- സംഗീതപരമായ ബുദ്ധി
- വിദ്യാഭ്യാസത്തിൽ സംഗീതകലയുടെ പ്രസക്തിയും സാധ്യതയും
- കേരളത്തിന്റെ സമ്പന്നമായ സംഗീതപാരമ്പര്യം

3. • പ്രകൃതിയും സംഗീതവും

- വ്യത്യസ്തങ്ങളായ സംഗീതരൂപങ്ങൾ
- കവിതയുടെ ആലാപനം
- സംഗീതത്തിലെ സാങ്കേതികമായ കാര്യങ്ങൾ
- വാദ്യോപകരണങ്ങൾ.
- അനുരൂപീകരണം സംഗീതത്തിൽ

**ആമുഖം**

പ്രപഞ്ചം മനുഷ്യന് കനിഞ്ഞു നൽകിയ വരദാനമാണ് സംഗീതം. ഇമ്പമുള്ള പേരുപോലെ തന്നെ ആരെയും വശീകരിക്കുന്ന അതിന്റെ മാസ്മരഭാവം നമ്മെ ഏതോ അനുഭൂതിയിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നു. അത് എല്ലാ ജീവജാലങ്ങളുടേയും മനസ്സിനെ കൂട്ടിയിണക്കുന്നു. ഒരു ഗായകന്റെ കണ്ഠത്തിൽ നിന്നോ, ഒരു വാദ്യകാരന്റെ കരാംഗുലീയത്തിൽ നിന്നോ നിർഗളിക്കുന്ന, ശ്രുതിമധുരമായ സംഗീതം അതിൽ നിന്നു നമുക്കു പകർന്നു കിട്ടുന്ന ആനന്ദം അളവില്ലാത്തതും അനിർവചനീയവുമായിരിക്കും. അത് നമുക്ക് യഥാർത്ഥമായ ശാന്തിയും, സ്നേഹവും, സാഹോദര്യവും പ്രദാനം ചെയ്യുന്നു. ലോകത്ത് എവിടെയുള്ള സംഗീതമായാലും കേൾവി മാത്രയിൽ തന്നെ ആസ്വാദ്യകരമാകുന്നു. നമ്മുടെ മനസ്സിനെ കൂട്ടിയിണക്കുന്നു. സംഗീതം ദേശീയോദ്ഗ്രഥന സന്ദേശമാകുന്നു.

സംഗീതം ആലപിക്കുന്ന ഗായകനും ആസ്വാദകനും ശ്രോതാവും ഒരേ തലത്തിൽ നിൽക്കുന്നുവെന്നതാണ് സംഗീതകലയുടെ സവിശേഷത. മനസ്സിനെ ആകർഷിക്കുന്ന ഇമ്പമുള്ള ധ്വനികളെ അടിസ്ഥാനമാക്കിയുള്ളഒരു ലളിതകലയാണ് സംഗീതം. സംഗീതത്തിന്റെ നാദവീചികൾ മനുഷ്യമനസ്സുകളിൽ അനുരണനം ചെയ്യുമ്പോൾ സൃഷ്ടിക്കുന്ന ആനന്ദവും അതിലൂടെ ലഭിക്കുന്ന മനശ്ശാന്തിയുമാണ് സംഗീതത്തിന്റെ പരമമായ ലക്ഷ്യം. മനുഷ്യന്റെ വ്യത്യസ്ത വികാരങ്ങളെ പ്രകടിപ്പിക്കുവാൻ സംഗീതത്തിലൂടെ സാധിക്കും. സംഗീതമെന്ന പദത്തിന് "സമ്യക്ക് ആകുന്ന ഗീതം" എന്നർത്ഥം. സമ്യക്ക് എന്നാൽ കൂട്ടം എന്നാണ് അർത്ഥം. ഈണം, താളം, ശ്രുതി, ഭാവം ഇവയൊക്കെ തുലനം ചെയ്യുമ്പോഴാണ് അത് സംഗീതമാകുന്നത്. ശ്രവണസുന്ദരങ്ങളായ ശബ്ദങ്ങൾ കൊണ്ട് മനസ്സിൽ വികാരങ്ങൾ സൃഷ്ടിച്ച് രസിപ്പിക്കുന്ന ഒരു കലയാണ് സംഗീതം. രാഗ താള പദാശ്രയമായതാണ് സംഗീതം എന്നാണ് നാട്യശാസ്ത്രത്തിൽ സംഗീതത്തെക്കുറിച്ച് പറയുന്നത്. അക്ഷരങ്ങളുടേയും വാക്കുകളുടേയും സഹായത്തോടെ ആശയവിനിമയം നടത്തുന്ന നാദഭാഷയാണ് സംഗീതം, വികാരങ്ങളുടെ ഭാഷ കൂടിയാണ് സംഗീതം.

**വിദ്യാഭ്യാസത്തിൽ സംഗീത കലയുടെ പ്രസക്തിയും പ്രാധാന്യവും തിരിച്ചറിയുന്നതിന്.**

- ക്ലാസ്സിൽ പാട്ടുപാടുന്നതിനു വേണ്ടി അധ്യാപിക ആവശ്യപ്പെടുമ്പോൾ മടികൂടാതെ പാടുന്നതിന് എല്ലാ കുട്ടികളും തയാറാകാറുണ്ടോ? എന്താണ് നിങ്ങളുടെ അനുഭവങ്ങൾ? ഒരു പാട്ടുപാടാൻ ആവശ്യപ്പെടുമ്പോൾ സങ്കോചമില്ലാതെ പാടാൻ കഴിയാത്തത് എന്തുകൊണ്ടായിരിക്കും.

എന്നാൽ ഒരു മൂളിപ്പാട്ടെങ്കിലും പാടാത്തവരുണ്ടോ? സംഗീതപരമായ ബുദ്ധി എല്ലാമനുഷ്യരിലും ഉണ്ടെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഈ ബുദ്ധിസവിശേഷത വികസിപ്പിക്കുന്നതിന് പര്യാപ്തമായ അവസരങ്ങൾ നമുക്ക് ലഭിക്കുന്നുണ്ടോ? ബഹുമുഖബുദ്ധിവികാസത്തിനുള്ള അവസരവും അനുഭവവും പ്രൈമറിതലം മുതൽ ഉറപ്പാക്കേണ്ടതുണ്ട്. ഊന്നൽ നൽകുമ്പോൾ സംഗീതപരമായ ബുദ്ധി വികാസത്തിനും പ്രൈമറിതലം മുതൽ കുട്ടികൾക്ക് അവസരമൊരുക്കുകയും എല്ലാവർക്കും കഴിയുന്നതുപോലെ ആവിഷ്കരിക്കാനുമുള്ള കഴിയും എല്ലാവരിലും ഉണ്ട്. ബഹുമുഖബുദ്ധി സിദ്ധാന്തത്തിൽ സംഗീതപരമായ ബുദ്ധിയെ സംബന്ധിച്ച് എന്തെല്ലാം വിശദാംശങ്ങൾ നല്കിയിട്ടുണ്ട്? നിങ്ങൾ കണ്ടെത്തിയ കാര്യങ്ങൾ എന്തെല്ലാമാണ്. അധ്യാപകനെന്ന നിലയിൽ അത് ക്ലാസ്റൂം വിനിമയത്തിൽ എങ്ങനെയൊക്കെ പ്രയോജനകരമാക്കാം. ചർച്ച ചെയ്യുക.

**പഠനനേട്ടങ്ങൾ: (വ്യത്യസ്തങ്ങളായ സംഗീതശാഖകൾ പരിചയപ്പെടുന്നു. ആലപിക്കുന്നു)**

നിങ്ങൾക്ക് ഏതൊക്കെതരം പാട്ടുകൾ പാടാൻ കഴിയും. ഒന്ന് ആലോചിച്ചു നോക്കൂ. വായ്ത്താരികൾ നാടൻപാട്ടുകൾ, സിനിമാഗാനങ്ങൾ, ശിശുഗാനങ്ങൾ, പ്രാർത്ഥനാഗാനങ്ങൾ, ദേശഭക്തിഗാനങ്ങൾ, ദേശീയഗാനം ഇനിയും ചിലവ കൂടി പറയാൻ കഴിയും. (സോപാനസഗീതം, മാപ്പിളപ്പാട്ട്......) ഇവയിൽ ഏതായിരിക്കും ആദ്യം പാടിത്തുടങ്ങിയത്. എങ്ങനെയാണ് ഇത്തരം ഗാനങ്ങളുടെ ഉത്ഭവം. ആലോചിച്ച് നോക്കിയിട്ടുണ്ടോ. പ്രകൃതിയും സംഗീതവും തമ്മിൽ ബന്ധമുണ്ടോ.

മനുഷ്യചരിത്രത്തോളം പഴക്കമുണ്ട് സംഗീതത്തിനും. പ്രകൃതിയിലെ ഇമ്പമാർന്നതും, കൗതുകമുണർത്തുന്നതുമായ ശബ്ദങ്ങൾ കേട്ടും ആസ്വദിച്ചും അനുകരിച്ചുമാണ് സംഗീതം ഉരുത്തിരിഞ്ഞുവന്നത്. അവ പിന്നീട് ഈണത്തിലും താളത്തിലുമുള്ള ശബ്ദങ്ങളായും, ഭാഷയുടെ ആവിർഭാവത്തോടെ സാർഥകമായ വാക്കുകളായും വാക്കുകൾ ചേർന്ന് ഗാനങ്ങളായും പരിലസിച്ചു.

പക്ഷികളുടേയും മൃഗങ്ങളുടേയും ശബ്ദം, അരുവികളുടെ കളകൂചനം, തിരമാലകളുടെ ശബ്ദം ഇലകളുടെ മർമ്മരം. മുളങ്കാടുകളുടെ ചൂളം വിളി. മഴത്തുള്ളികളുടെ മണികിലുക്കം കാട്ടാറുകളുടെ കളകളാരവം. ഇടിമുഴക്കം ഇവയെല്ലാം ചേർന്ന് മനുഷ്യനിൽ ജന്മനാ അലിഞ്ഞു ചേർന്നിട്ടുള്ള താളബോധം, സംഗീതബോധം, ആസ്വദനശേഷി, അനുകരണം ഇവയെ ഉണർത്തുകയും കാലക്രമേണ വായ്ത്താരികളായും, സ്വരങ്ങളായും വിവിധ ശാഖോപശാഖകളായും പരിണമിക്കുകയും ചെയ്തു. സപ്തസ്വരങ്ങളുടെ ഉത്ഭവവും പക്ഷിമൃഗാദികളുടെ ശബ്ദവും തമ്മിലുള്ള ബന്ധത്തെക്കുറിക്കുന്ന ഒരു നാടൻപാട്ടുതന്നെ പ്രചാരത്തിലുണ്ട്. “വന്നുദിച്ചേ നിന്നുദിച്ചേ ആദ്യത്യൻ ഭഗവാനും” ഈ ഗാനത്തിൽ സപ്തസ്വരങ്ങളായ ഷഡ്ജം (സ), ഋഷഭം (രി), ഗാന്ധാരം (ഗ), മധ്യമം (മ), പഞ്ചമം (പ), ധൈവതം (ധ), നിഷാദം (നി) ഇവ യഥാഇക്രമത്തിൽ മയിൽ, കാള, ആട്, ക്രൗഞ്ചം, കുയിൽ, കുതിര, ആന എന്നിവയുടെ ശബ്ദമെന്ന് പരാമർശിക്കുന്നു.

**വായ്ത്താരികൾ**

വന്നുദിച്ചേ നിന്നുദിച്ചേ.... എന്ന ഗാനം എല്ലാവരും ചേർന്ന് പാടൂ....

*വന്നുദിച്ചേ നിന്നുദിച്ചേ ആദിത്യൻ ഭഗവാനും*
*ഇന്നെന്താ ഭഗവാനും വന്നുദിക്കാനിത്ര താമസിച്ചേ*

*മയിലു കേറാൻ മാമലയിൽ മയിലാട്ടം കണ്ട് താമസിച്ചേ*
*കാളകേറാൻ പൊൻ മലയിൽ കാളകളികണ്ട് താമസിച്ചേ*
*ആളുകേറാൻ മാമലയിൽ ആടുകളികണ്ട് താമസിച്ചേ..*

*കൊമ്പുകേറാൻ പൊൻമലയിൽ കൊമ്പുകളികണ്ട് താമസിച്ചേ*
*കുയിലു കൂകും മാമലയിൽ കുയിലാട്ടം കണ്ട് താമസിച്ചേ*
*കുതിരകേറാൻ മാമലയിൽ കുതിരകളി കണ്ട് താമസിച്ചേ*
*മാനുകേറാൻ മാമലയിൽ മാനാട്ടം കണ്ട് താമസിച്ചേ*
*ആനകേറാൻ മാമലയിൽ ആനകളി കണ്ട് താമസിച്ചേ.*

| | | |
|---|---|---|
| *ഷഡ്ജം* | *(സ)* | *മയിൽ* |
| *ഋഷഭം* | *(രി)* | *കാള* |

*ഗാന്ധാരം (ഗ) ആട്*

*മദ്ധ്യമം (മ) ക്രൗഞ്ചം*

*പഞ്ചമം (പ) കുയിൽ*

*ധൈവതം (ധ) കുതിര*

*നിഷാദം (നി) ആന*

താനാതന, തന, കാനാതനതന, തെയ്യ്തിമിത്തക താര - തിത്തക, തെയ്യോം തക ഇത്തരം എത്ര വായ്ത്താരികൾ നിങ്ങൾ ചൊല്ലിയിട്ടുണ്ട്. കേട്ടിട്ടുണ്ട്. പ്രത്യേക അർത്ഥം ഇല്ലാത്തവയും കലമുറയായി വായ്മൊഴിയായും പകർന്നു കിട്ടിയവയാണ് വായ്ത്താരികൾ. താളനിബന്ധമാണ് ഇവ. വ്യത്യസ്ത ഈണവും ഇവയ്ക്കുണ്ട്. മിക്ക നാടൻപാട്ടുകൾക്കും അകംപടിയായി വായ്ത്താരികൾ ഉണ്ട്.

## നാടോടിസംഗീതം

സാധാരണ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രാദേശിക സംഗീതമാണ് നാടോടിസംഗീതം. നാടൊട്ട് - നാടാകെന്നാകെ - നാട്ടിൽ പ്രചാരത്തിലുള്ളത് എന്നൊക്കെയുള്ള അർത്ഥമാണ് ഇതിനുള്ളത്. ശാസ്ത്രീയ നിബന്ധനകൾക്കു തികച്ചും അടിമെപ്പടാത്ത നാടോടി സംഗീതം ലളിതവും ഇമ്പമേറിയതുമാണ് ഇത് ഗ്രാമീണ സംഗീതം, ഗ്രാമ്യസംഗീത അഥവാ ജനകീയസംഗീതമാണ്. ദേശത്തിന്റെ സംഗീതപാരമ്പര്യം വിളിച്ചോതുന്ന നാടോടിപ്പാട്ടുകൾ അനുഷ്ഠാനപരം, മതപരം, തൊഴിൽപരം എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലുണ്ട്.

## സിനിമാസംഗീതം


ജനകീയസംഗീതമാണ് ഇത്. എല്ലാവിഭാഗം ജനങ്ങളുടെ ഹൃദയത്തുടിപ്പുകളാണ് സിനിമാഗാനങ്ങൾ. പണ്ഡിതപാമരഭേദമെന്യേ എല്ലാ ജനവിഭാഗങ്ങൾക്കും പ്രിയപ്പെട്ട ഗാനശാഖയാണ് ഇത്. ശബ്ദസിനിമയുടെ ഉത്ഭവം മുതൽ തന്നെ അവയിലെ ഗാനങ്ങളും പശ്ചാത്തല സംഗീതവും നമ്മെ ഏറെ വശീകരിക്കുന്നു. വലിയ ഒരു ആശയത്തെ ഹൃദ്യവുമായി ചുരുങ്ങിയ സമയം കൊണ്ട് ജനഹൃദയത്തിലേക്ക് എത്തിക്കുവാനുള്ള ഇതിന്റെ പങ്ക് വളരെ വലുതാണ്. കേരളത്തിലെ സിനിമാശാഖയെക്കുറിച്ചു പറയുമ്പോൾ ധാരാളം പേരെ നമ്മൾക്ക് സ്മരിക്കേണ്ടതുണ്ട്. യേശുദാസ് ആയിരിക്കും ഗായകരിൽ ഒന്നാം നിരയെങ്കിൽ സംഗീതസംവിധായകരിൽ ദേവരാജൻ മാഷിനേയും ദക്ഷിണമൂർത്തിയേയും, രവിന്ദ്രൻമാഷിനേയും എങ്ങനെ വിസ്മരിക്കും. പുതുതലമുറിയിലെ ഗായകരേയും ഓർത്തുനോക്കൂ. എം.ജി. ശ്രീകുമാർ, ജോൺസൺ മാഷ്, എം. ജയചന്ദ്രൻ, വിജയ് യേശുദാസ്


ദക്ഷിണമൂർത്തി


രവിന്ദ്രൻമാഷ്


ദേവരാജൻ മാഷ്


യേശുദാസ്



എം.ബി. ശ്രീനിവാസൻ



ജോൺസൺ മാഷ്,



എസ്. ജാനകി



എം.ജി. ശ്രീകുമാർ



എം. ജയചന്ദ്രൻ



വിജയ് യേശുദാസ്



കെ.എസ്. ചിത്ര,

ഇങ്ങനെ ഈ പട്ടിക എത്ര ദീർഘമാണ്. എസ്. ജാനകി, കെ.എസ്. ചിത്ര, തുടങ്ങിയ പ്രശസ്തഗായികമാരാണ്. എം.ബി.ശ്രീനിവാസൻ മലയാളത്തിനു സമ്മാനിച്ച സംഗീതമത്രയും ചരിത്രമാണ്. കാല്പാടുകൾ എന്ന സിമിമയിലൂടെ യേശുദാസിനെ പിന്നണി ഗായകനായി അവതരിപ്പിച്ചത് എം.ബി. ശ്രീനിവാസനാണ്.

## ലളിതസംഗീതം

സാങ്കേതികത ഏറെയില്ലാത്ത രാഗതാളങ്ങളിൽ അധിഷ്ഠിതമായ കവിതകളാണ് ലളിതഗാനങ്ങൾ കവിതയ്ക്ക് വ്യത്യസ്തമായ ഈണവും താളവും നൽകി ഗാനമാക്കി മാറ്റുകയാണ് ചെയ്യുന്നത്. പ്രാദേശിക ഭാഷകളിൽ അതതുദേശത്തിന്റെ സംസ്കാരവും, വസ്തുതകളും ആശയമാക്കിയിട്ടുള്ള ലളിതഗാനങ്ങൾ കടുത്ത ശാസ്ത്രീയതയ്ക്ക് സാധാരണ വശംവദരാകാറില്ല. കേരളത്തിന്റെ ലളിതഗാനശാഖ സമ്പന്നമാണ്. ഈ ശാഖയ്ക്ക് പ്രചുരപ്രചാരം നേടിക്കെടുക്കുന്നതിൽ നിതാന്ത ശ്രദ്ധപതിച്ചവരാണ് കെ. രാഘവൻ, കെ.പി. ഉദയഭാനു, പി. ഭാസ്കരൻ, എം.ജി. രാധാകൃഷ്ണൻ, ഒ.എൻ.വി. കുറുപ്പ്, കാവാലം നാരായണപ്പണിക്കർ, അറക്കൽ നന്ദകുമാർ, കെ.പി.എ.സി. ചന്ദ്രശേഖരൻ തുടങ്ങിയവർ ലളിതഗാനശാഖയെ ജനങ്ങളിൽ എത്തിക്കുവാൻ ആകാശവാണിയുടെ സംഭാവന സമുന്നതാണ്.

## മാപ്പിളപ്പാട്ടുകൾ

മുസ്ലിം ജനവിഭാഗത്തിന്റെ ആചാരാനുഷ്ഠാനങ്ങളും ആശയങ്ങളും സാഹിത്യരൂപത്തിൽ കവിതകളാക്കി പാടുന്ന പാട്ടുകളാണ് മാപ്പിളപ്പാട്ടുകൾ. ലളിതമായ ഈണത്തിൽ താളത്തിൽ ചിട്ടപ്പെടുത്തിയിട്ടുള്ള മാപ്പിളപ്പാട്ടുകൾ കാവ്യഭംഗിയും വൃത്തനിബദ്ധതയും ഉള്ളവയാണ്. മാപ്പിളപ്പാട്ടുകൾക്ക്

പ്രത്യേകം ഒരു ഒരു ശൈലിതന്നെ നിലവിലുണ്ട്. മോയിൻകുട്ടി വൈദ്യരെ പരാമർശിക്കാതെ മാപ്പിളപ്പാട്ടിനെക്കുറിച്ച് ഓർക്കാൻ കഴിയില്ല.



*ഞെരളത്ത് രാമപൊതുവാൾ*

### സോപാനസംഗീതം

കേരളത്തിന്റെ തനത് സംഗീതശാഖയാണിത്. ക്ഷേത്ര ശ്രീകോവിലിന്റെ സോപാനപടിക്കുമുന്നിൽ ഇടയ്ക്ക കൊട്ടിപ്പാടുന്ന ശൈലിയാണ് സോപാനസംഗീതത്തിനുള്ളത്. ഗീതാഗോവിന്ദത്തിലെ അഷ്ടപദികൾ, സ്വാതിതിരുനാൾ കൃതികൾ തുടങ്ങിയവയാണ് കൊട്ടിപ്പാടി സേവയ്ക്ക് പശ്ചാത്തലത്തിൽ സോപാന സംഗീതമായി ആലപിക്കാറുള്ളത്. ഞെരളത്ത് രാമപൊതുവാൾ ഈ മേഖലയിലെ കരുത്തുറ്റ വ്യക്തിത്വമായിരുന്നു.

### കഥകളിസംഗീതം

സോപാനസംഗീതത്തിൽ നിന്നു ഉടലെടുത്ത സംഗീത ശൈലിയാണ് കഥകളി സംഗീതത്തിനുള്ളത്. കൂടിയാട്ടം നങ്ങ്യാർകുത്ത് ഇവയിലും ഇതേ സംഗീതരീതിയാണ് ഉള്ളത്. കൂടിയാട്ടം നങ്ങ്യാർകൂത്ത് ഇവയിലും ഇതേ സംഗീതരീതിയാണ്. ഉള്ളത്. കഥകളിസഗീതത്തിൽ രണ്ടുഗായകർ പൊന്നാനിയും, ശിങ്കിടിയും ചേങ്ങിലകൊട്ടി കഥകളിപ്പദങ്ങൾ സോപാന സംഗീതശൈലിയിൽ പാടുന്നു. പശ്ചാത്തലത്തിൽ മദ്ദളം, ചെണ്ട, ചേങ്ങില തുടങ്ങിയ വാദ്യങ്ങളും, ഉപയോഗിക്കുന്നു. കഥകളി സംഗീതത്തിൽ അവതരിപ്പിക്കുന്ന പദങ്ങൾ ആട്ടക്കഥാസാഹിത്യ വിഭാഗത്തിൽപ്പെടുന്നവയാണ്.



*നീലകണ്ഠനമ്പീശൻ*



*കലാമണ്ഡലം ഹൈദരലി*



*കലാമണ്ഡലം ഹരിദാസ്,*

നീലകണ്ഠനമ്പീശൻ കലാമണ്ഡലം ഹൈദരലി, കലാമണ്ഡലം ഹരിദാസ്, തുടങ്ങലയ കഥകളി ഗായകർ ഏറെയുണ്ട്.

കഥകളിസംഗീതം ഇന്ന് കുറച്ചുകൂടി ശാസ്ത്രീയസംഗീതാധിഷ്ഠിതമായാണ് ആലാപനം നടത്തി വരുന്നത്. സോപാന സംഗീതരീതിക്ക് മാറ്റം വന്നിട്ടുണ്ട്.

### വഞ്ചിപ്പാട്ടുകൾ

വള്ളം കളിക്ക് പശ്ചാത്തലത്തിൽ പാടുന്ന പാട്ടുകളാണ് വഞ്ചിപ്പാട്ടുകൾ. ചിടുലവും ദ്രുതമായി

ട്ടുള പാട്ടുകളാണ് വഞ്ചിപ്പാട്ടുകൾ. പ്രത്യേകതാളത്തിൽ ഈണത്തിൽ ശൈലിയിൽ ആലപിക്കുന്ന പാട്ടുകൾ വള്ളക്കാർക്ക് ഉന്മേഷവും ഉണർവും നൽകുന്നു. സംഘം ചേർന്നുള്ള ആലാപനം വഞ്ചിപ്പാട്ടിന്റെ പ്രത്യേകതയാണ്. കേരളത്തിന്റെ സ്വന്തമെന്ന് വിശേഷിപ്പിക്കുന്ന നാടോടിപ്പാട്ടാണ് വഞ്ചിപ്പാട്ട് അഥവാ വള്ളംകളിപ്പാട്ടുകൾ.

തെയ്തെയ്തെയ്, തിത്തിത്താരാതെയ് എന്ന വായ്ത്താരി കവിതയിലെ വരികൾക്കിടയിൽ ആവർത്തിച്ചാവർത്തിച്ച് ചൊല്ലുമ്പോൾ ചടുലമാകുന്നു ഈ ആലാപനം.

**പ്രാർത്ഥനാഗാനങ്ങൾ**

വിദ്യാലയങ്ങൾ ആരംഭിക്കുന്നതു തന്നെ പ്രാർത്ഥനാഗാനത്തോടെയാണ്. പ്രപഞ്ചശക്തിയെ സ്മരിക്കാനും തന്റെ മനസ്സിനെ ഏകാഗ്രമാക്കാനും ഇത് സഹായകരമാകുന്നു. സ്കൂളുകളിൽ വിദ്യാർത്ഥികൾ ഒന്നിച്ചുകൂടി ലളിതമായ ഈണത്തിൽ എല്ലാവർക്കും പാടാവുന്ന (സർവമത പ്രാർത്ഥന) ഗാനങ്ങളാവണം അഅലാപനത്തിന് തെരെഞ്ഞെടുക്കുവാൻ വിദ്യാർത്ഥികളിൽ ഏകതാഭാവം കൂട്ടായ്മ ശ്രദ്ധ ഇവ വളർത്താൻ ഇതിലൂടെ കഴിയുന്നു.

**കുഞ്ഞിക്കവിതകൾ**

കഥയും കവിതയും കേൾക്കാൻ കുട്ടികൾക്ക് ഏറെ കൗതുകമാണ്. രസകരമായ കവിതകൾ, കഥാകവിതകൾ, കളിപ്പാട്ടുകൾ, കുഞ്ഞുണ്ണിക്കവിതകൾ ഇവ ലളിതമായ ഈണത്തിൽ അഅലപിക്കാവുന്നതാണ്. ഇതുവഴി താളബോധവും, ശബ്ദം കുറച്ചും കൂട്ടിയും പാടാനും ഉള്ള കഴിവുകൾ ആർജിക്കും.

**ദേശഭക്തിഗാനങ്ങൾ**

ഏവരിലും ദേശസ്നേഹം ഉളവാകുന്ന ഗാനങ്ങളാണിവ. താളാത്മകമായ ഈ ഗാനങ്ങളിൽ സാഹിത്യത്തിന് ഏറെ പ്രാധാന്യമുണ്ട്. സംഘമായി പാടാൻ കഴിയുന്ന ഇത്തരം ധാരാളം ഗാനങ്ങൾ നമ്മൾക്ക് ഉണ്ട്. സംഘബോധം, ആത്മവിശ്വാസം, താളബോധം, സഹവർത്തിത്വം ഇവ ഇതിലൂടെ ആർജിക്കാം. ജന്മകാരിണിഭാരതം, സാരേജഹാസെ അച്ഛാ ഹോംഗെ കാമ് യാബ് തുടങ്ങി വ്യത്യസ്തഭാഷയിലുള്ള ധാരാളം ഗാനങ്ങൾ പ്രചാരത്തിലുണ്ട്. ഈ ശാഖ അനുദിനം വികാസം പ്രാപിച്ചു വരുന്നു.

**ദേശീയഗാനം**

നമ്മുടെ ദേശീയഗാനം അറിയാത്തവരായി ആരും ഉണ്ടാകില്ല. ഭാരതത്തിന്റെ സംസ്കാരവും വൈവിധ്യവും വിളിച്ചോതുന്ന രവീന്ദ്രനാഥ ടാഗോറിന്റെ 'ജനഗണമന' എന്ന ഗാനമാണ് നമ്മുടെ ദേശീയഗാനം. ഇതിന്റെ അർത്ഥം ഉൾക്കൊണ്ട് പാടുവാൻ അധ്യാപക വിദ്യാർത്ഥികളായ നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

കേരളത്തിന്റെ സംഗീതശാഖയെക്കുറിച്ചു പറയാനാണെങ്കിൽ ഇനിയും ധാരാളമുണ്ട്. വിൽപ്പാട്ട്, തുള്ളൽപ്പാട്ട്, പുള്ളുവൻപാട്ട്, വടക്കൻപാട്ട്, പടയണിപ്പാട്ട്, പൂരപ്പാട്ട്............. ഇങ്ങനെ ഏറെനീളം ഇവ അന്വേഷിച്ച് കുറിപ്പുകൾ ആക്കുക.

## ശാസ്ത്രീയ സംഗീതം

മറ്റേതൊരു ശാസ്ത്രത്തിനെന്നപോലെ കൃത്യമായ കണക്കുകയു രൂപഘടനയും സമവാക്യങ്ങളും ശാസ്ത്രീയസംഗീതത്തിനുമുണ്ട്. ശബ്ദത്തിന്റെ ഭൗതികശാസ്ത്രപരവും, ഗണിതശാസ്ത്രപരവുമായ തത്വങ്ങൾക്ക് വിധേയമായി ഒരു ശബ്ദശ്രേണിയിൽ രൂപംകൊണ്ട വ്യത്യസ്ത ആവൃത്തികളും (Frequency) പരസ്പര സ്വരച്ചേർച്ചയ്ക്കും ഉള്ള സപ്തസ്വരങ്ങളും അവയുടെ 12 സ്വരസ്ഥാനങ്ങളുമാണ് ശാസ്ത്രീയ സംഗീതത്തിന്റെ അടിത്തറ.

### ഉത്ഭവം - വളർച്ച

ശാസ്ത്രീയ സംഗീതത്തിന്റെ വളർച്ച സാമവേദത്തിൽ നിന്നാണ് വേദമന്ത്രങ്ങളുടെ ഉച്ചാരണത്തിൽ നിന്ന് നൂറ്റാണ്ടുകൾ കൊണ്ട് സ്വാഭാവികമായി രൂപപ്പെട്ടുവന്നതാണ് സപ്തസ്വരങ്ങൾ. ക്രമേണ അവ രി, ഗ, മ, ധ, നി എന്നീ സ്വരങ്ങളും അവയുടെ വ്യത്യസ്ത വകഭേദങ്ങളുമായി 16 സ്വരങ്ങളിലേക്ക് (ഷോഡശ- സ്വരങ്ങൾ) വികാസം പ്രാപിച്ചു ഈ സ്വരങ്ങളുടെ വികാസം വഴി ക്രമസമ്പൂർണമായ ആരോഹണ അവരോഹണത്തോടുകൂടിയ 72 മേളകർത്താരാഗങ്ങൾ ഉണ്ടായി.

//സ രി ഗ മ പ ധ നി സ//

//സ നി ധ പ മ ഗ രി സ// (ഇതാണ് ക്രമസമ്പൂർണ്ണമായ ആരോഹണ അവരോഹണം)

ഈ എഴുപത്തിരണ്ട് രാഗങ്ങളിൽ നിന്നും ധാരാളം ജന്യരാഗങ്ങൾ രൂപപ്പെട്ടു. (മേളകർത്താരാഗങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന രാഗങ്ങളാണ് ജന്യരാഗങ്ങൾ). ആരോഹണ അവരോഹണങ്ങളിൽ ചില സ്വരങ്ങളെ വർജിച്ചും (സരിഗപനിസ, സനിപഗരിസ) സ്വരക്രമത്തിൽ മാറ്റം വരുത്തിയും (സഗരി ഗമപധപസ) വൈവിധ്യമാർന്ന ധാരാളം രാഗങ്ങൾ രൂപം കൊണ്ടും അത് ഇന്നും തുടർന്നു വരുന്നു. പ്രശസ്തസംഗീതജ്ഞൻ ഡോ. ബാലമുരളീകൃഷ്ണ 'ലവംഗി' പോലുള്ള പല രാഗങ്ങളും കണ്ടുപിടിച്ചിട്ടുണ്ട്. ഇതിൽ ആകെ 4 സ്വരങ്ങളാണ് (സരിമധസ, സധമരിസ) ഉള്ളതെങ്കിലും ഇതിന്റെ ആലാപന സാധ്യത വിപുലമാണ്.

രാഗങ്ങളുടെ ഉത്ഭവത്തോടെ ധാരാളം ശാസ്ത്രീയ രൂപങ്ങളും ഉണ്ടായി (ഗീതം, വർണ്ണം, കീർത്തനം, തില്ലാന....) ആ വളർച്ച അനസ്യൂതം തുടർന്നു വരുന്നു.

### ഭാരതീയസംഗീതം

ഏകദേശം മൂവായിരം വർഷങ്ങൾ പഴക്കമുള്ള സംഗീതപാരമ്പര്യമാണ് നമുക്കുള്ളത്. ഭാരതത്തിലെ വിവിധ പ്രദേശങ്ങളില വ്യത്യസ്ത ജനവിഭാഗങ്ങളുടെ ഇടയിൽ അവരുടെ ആചാരങ്ങൾ, ആരാധന, വിനോദം, തൊഴിൽ, സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട നാനാരീതിയിലുള്ള സംഗീത രൂപങ്ങളും ശൈലികളും രൂപംപൂണ്ട് പ്രചരിച്ചു വരുന്നു. എന്നാൽ ഭാരതീയ സംഗീതം മുഖ്യമായി ശാസ്ത്രീയമായി അംഗീകരിച്ചിട്ടുള്ള രണ്ടു സമ്പ്രദായങ്ങളിൽ വികസിച്ചു. അത് കർണ്ണാടക സംഗീതം, ഹിന്ദുസ്ഥാനി സംഗീതം എന്നിവയാണ്. ഏഴുസ്വരങ്ങളും, വ്യത്യസ്തങ്ങളായ രാഗങ്ങളുമാണ് രണ്ടു സമ്പ്രദായങ്ങളുടേയും കാതലായ ഭാഗം, രാഗം, താളം എന്നിവയിൽ സമാനതകൾ ഉണ്ട് എങ്കിലും ആലാപനശൈലി, ഗാനരൂപങ്ങളുടെ ഘടന എന്നിവ അവയെ മുഖ്യമായ രണ്ട് സരണികളായി നിലനിർത്തുന്നു.

## ഹിന്ദുസ്ഥാനിസംഗീതം

ഭാരതീയസംഗീതം ഏകദേശം 12-ാം നൂറ്റാണ്ടുവരെ ഹിന്ദുസ്ഥാനി കർണ്ണാട്ടിക് വേർതിരിവ് ഇല്ലാതെ പൊതുവായ ഒരു സരണിയായി ഒഴുകുകയായിരുന്നു. എന്നാൽ അതിനുശേഷം പേർഷ്യൻ സംഗീതത്തിന്റെ സ്വാധീനത്തിൽപ്പെട്ട് വടക്കേ ഇന്ത്യയിൽ ഒരു സങ്കരസംഗീതം രൂപപ്പെടുകയും കാലക്രമത്തിൽ ആ സമ്പ്രദായത്തിന് തനതായ വ്യക്തിത്വം കൈവരിക്കുകയും അത് ഹിന്ദുസ്ഥാനിസംഗീതം എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. 13-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പേർഷ്യൻ കവിയും ഗായകനുമായിരുന്ന 'അമീർ ഖുസ്റോ' ആണ് 'ഖ്യാൽ' എന്ന മനോഹരമായ സംഗീതരൂപത്തിലൂടെ ഹിന്ദുസ്ഥാനിസംഗീതത്തിന് അടിത്തറ പാകിയത്. അക്ബർചക്രവർത്തിയുടെ ഭരണകാലം ഹിന്ദുസ്ഥാനിസംഗീതത്തിന്റെ സുവർണ്ണകാലഘട്ടമായിരുന്നു. ലോകം ആരാധിക്കുന്ന മിയാതാൻസേൻ അക്ബർ ചക്രവർത്തിയുടെ രാജസദസ്സിലെ ആസ്ഥാന വിദ്വാൻ ആയിരുന്നു. ഹിന്ദുസ്ഥാനിസംഗീതം ഉത്തരേന്ത്യൻ സംഗീതം എന്ന പേരിലും അറിയപ്പെടുന്നു. പ്രധാനപ്പെട്ട 10 ഥാട്ടുകളും (മേള രാഗം) അവയുടെ ജന്യരാഗങ്ങളുമാണ് ഈ സമ്പ്രദായത്തിൽ ഉള്ളത്. 'ബിലാവൻ' ആണ് അടിസ്ഥാനമേളം. ഹിന്ദുസ്ഥാനി സംഗീതത്തിന് ഒരു ചിട്ടയുണ്ടാക്കിയത് പണ്ഡിറ്റ് വിഷ്ണു നാരായണൻ ഭാട്ട്ഖാൺഡേ എന്ന സംഗീതജ്ഞനാണ്.


ധ്രുപത്, ഖ്യാൽ, ഠുമ്രി, ടപ്പ, ചതുരംഗ്, ദാദ്ര,തരാന എന്നിവയാണ് മുഖ്യസംഗീത രൂപങ്ങൾ. രുദ്രവീണ സിത്താർ, സരോദ്, ബാംസുരി, ഷെഹനായ്, സാരംഗി, സന്തൂർ, ഹാർമോണിയം, തബല, പക്കാവജ് എന്നിവയാണ് പ്രധാന വാദ്യങ്ങൾ.

തീൻതാൾ, തിൽവാഡ, ജത്താൾ, ടപ്പാതാൾ, പഞ്ചാബിതാൾ, ഗജത്സംപ്താൾ, പഞ്ചംതാൾ, ദീപ്ചന്ദി, ത്സുംരാ, ആഡാചൗതാൾ, ദമാർ, ഏക്താൾ, രൂപക്താൾ. തീവ്രാ. ചൗതാൾ, ദാദരദ എന്നിവയാണ് പ്രധാനപ്പെട്ട താളങ്ങൾ.

താൻസേൻ, പണ്ഡിറ്റ് ജസ്രാജ്, ഭീംസെൻ ജോഷി, ഉസ്താദ് അമീർഖാൻ, മാൻസിങ് തോമർ, ഗോപാൽ നായക്, ഹരിപ്രസാദ് ചൗരസി തുടങ്ങിയവർ ഈ രഗത്തെ ചില പ്രതിഭകളാണ്.



താൻസേൻ



പണ്ഡിറ്റ് ജസ്രാജ്



ഭീംസെൻ ജോഷി



ഉസ്താദ് അമീർഖാൻ



ഹരിപ്രസാദ് ചൗരസി

## കർണ്ണാടക സംഗീതം

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ തമിഴ്നാട്, ആന്ധ്രപ്രദേശ്, കർണ്ണാടകം, കേരളം എന്നിവിടങ്ങളിൽ ഏകദേശം 600 വർഷങ്ങളായി പ്രചാരത്തിലുള്ള ഒരു ശാസ്ത്രീയ സംഗീതശാഖയാണ് കർണാടക സംഗീതം. ശ്രീ പുരന്ദരദാസർ ആണ് കർണ്ണാടക സംഗീതത്തിന്റെ നവോത്ഥാനശില്പിയും, സംഗീതപിതാമഹനും. ഇന്ന് നിലവിലുള്ള സംഗീത ത്രിമൂർത്തികളായ മുത്തുസ്വാമി ദീക്ഷിതർ ത്യാഗരാജ, ശ്യാമശാസ്ത്രികൾ എന്നിവർ ജീവിച്ചിരുന്ന 18-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം 19-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം ഇവയാണ് കർണാടകസംഗീതത്തിന്റെ സുവർണ കാലഘട്ടം. കേരളത്തിന്റേത് തിരുവിതാംകൂർ ഭരിച്ചിരുന്ന ശ്രീ.സ്വാതിതിരുനാൾ മഹാരാജാവിന്റെ കാലവുമാണ്.

ശ്രീ. സ്വാതിതിരുനാൾ വിവിധ ഭാഷകളിലായി ഉത്കൃഷ്ടങ്ങളായ അനേകം കൃതികൾ വ്യത്യസ്ത ഭാഷകളിലായി രചിക്കുകയും നാട്ടിലും മറുനാട്ടിലുമുള്ള നിരവധി സംഗീതജ്ഞരെ തന്റെ രാജസദസ്സിൽ മതിയായ ആദരവ് നല്കുകയും ചെയ്തു. ഇരയിമ്മൻ തമ്പി, കുട്ടിക്കുഞ്ഞു തങ്കച്ചി, ഷഡ്കാലഗോവിന്ദമാരാർ, പാലക്കാട് പരമേശ്വര ഭാഗവതർ തുടങ്ങിയവർ കർണാടകസംഗീതത്തിലെ മലയാളക്കരയിലെ നിറസാന്നിധ്യമായിരുന്നു. ചെമ്പൈ വൈദ്യനാഥ ഭാഗവതർ, വെച്ചൂർഹരിഹര സുബ്രഹ്മണ്യയ്യർ, ബി. ശശികുമാർ, നെയ്യാറ്റിൻകര വാസുദേവൻ യേശുദാസ്, കുമാരകേരളവർമ്മ, മാവേലിക്കര പ്രഭാകരവർമ്മ തുടങ്ങിയവർ ഈ രംഗത്തെ അതുല്യ പ്രതിഭകളാണ്.




ചെമ്പൈ വൈദ്യനാഥ ഭാഗവതർ



വെച്ചൂർഹരിഹര സുബ്രഹ്മണ്യയ്യർ



മാവേലിക്കര പ്രഭാകരവർമ്മ



കുമാരകേരളവർമ്മ,



ബി. ശശികുമാർ



നെയ്യാറ്റിൻകര വാസുദേവൻ

## പഠനനേട്ടങ്ങൾ പ്രാഠപുസ്തകങ്ങളിലെ കവിതയുടെ ആലാപനം.

കവിതകളുടെ ആസ്വാദനത്തിൽ സംഗീതത്തിൽ അംശങ്ങൾക്കും പങ്കുണ്ട്. താളം, ഈണം അനുയോജ്യമായി കൂട്ടിച്ചേർക്കുമ്പോൾ കവിതയുടെ ആന്തരികഭംഗി കൂടുതൽ ഭംഗിയുള്ളതാക്കുന്നു. കവിതക്ക് ഈണം നല്കുമ്പോൾ കവിതയുടെ ഭാവാർത്ഥത്തിന് കോട്ടം തട്ടാത്തവിധവും അനുയോജ്യമായ താളത്തിലുമാകണം. അതിമനോഹരമായ സിനിമാഗാനങ്ങളും ഗസലുകളും കേൾക്കുന്ന കുട്ടിക്ക് വിരസതയുണ്ടാകും വിധം കവിതയുടെ ഈണം മാറരുത്. അധ്യാപകവിദ്യാർത്ഥികൾ പല ആവർത്തി കവിതകൾ ഈണത്തിൽ ചൊല്ലിയിടണം ക്ലാസിൽ അവ അവതരിപ്പിക്കുമ്പോൾ വേണമെന്നു വിചാരിച്ചാൽ നമുക്ക് - ഏവർക്കും ഇത് കഴിയുകയും ചെയ്യും.

### "പഠനനേട്ടങ്ങൾ

നാദം, ശ്രുതി, താളം തുടങ്ങി സംഗീതത്തിലെ സാങ്കേതികമായ കാര്യങ്ങളിൽ ധാരണ നേടുന്നു.

**നാദം:-**

സാധാരണയായി നാം കേൾക്കുന്ന ശബ്ദത്തെ നാദം, സ്ഫോടം എന്നിങ്ങനെ രണ്ടായി തരം തിരിക്കാം. കേൾക്കാൻ ഇമ്പമുള്ളതും മനസ്സിനെ സന്തോഷിപ്പിക്കുന്നതുമായ ശബ്ദത്തെ സ്ഫോടം എന്നു വിളിക്കാം. ശ്രവണസുഖത്തോടു കൂടിയതും അനുരണനം ചെയ്യുന്നതുമായ ഏതൊരു ധ്വനിയാണോ മനഷ്യമനസ്സിനെ ആകർഷിക്കുന്നത് ആ ധ്വനിയെ നാദം എന്നും പറയാം.

**ശ്രുതി:-**

സായകർ പാടുമ്പോഴും വാദ്യകാരൻ വാദനം നടത്തുമ്പോഴും ആധാരമായി അവലംബിക്കുന്ന നാദത്തെ ശ്രിതിയെന്നും പറയാം.

എന്നാൽ സംഗീത ശാസ്ത്രപ്രകാരം സൂക്ഷ്മമയും വ്യക്തമായും കേൾക്കാൻ കഴിയുന്ന നാദത്തിന്റെ ചെറിയ കണികയാണ് ശ്രുതി. സരിഗമപധനിസ എന്ന സ്വരാഷ്ടകത്തിൽ വ്യക്തമായ 22 ശ്രുതികൾ ഉള്ളതായി കണക്കാക്കുന്നു.

**സ്വരം:-**

സംഗീതത്തിന് അവിഭാജ്യമായിട്ടുള്ള ഘടകമാണ് സ്വരം. ശ്രുതിയിൽ നിന്ന് ഉത്ഭവിച്ച സ്വരങ്ങൾ പ്രധാനമായും ഏഴാണ്. സപ്തസ്വരങ്ങൾ ഷഡ്ജം, ഋഷഭം, ഗാന്ധാരം, മധ്യമം, പഞ്ചമം, ധൈവതം, നിഷാദം എന്നിവയാണ്. സ്വരങ്ങളുടെ വിഭിന്ന ഭേദങ്ങളിൽ നിന്ന് രാഗങ്ങളും, ഗാനരൂപങ്ങളും ഉരുത്തിരിയുന്നു.

സ്വരങ്ങളിൽ പ്രകൃതിസ്വരങ്ങൾ വികൃതിസ്വരങ്ങൾ എന്ന് രണ്ട് പ്രധാനഘടകങ്ങൾ ഉണ്ട്. ഷഡ്ജം (സ) പഞ്ചമം (പ) പ്രകൃതി സ്വരങ്ങൾ ആണ്. ഇവ അചതസ്വരങ്ങൾ, അടിസ്ഥാനസ്വരങ്ങൾ, ആധാരശ്രുതിസ്വരങ്ങൾ എന്നും അറിയപ്പെടുന്നു. രി, ഗ, മ, ധ, നി എന്നീ സ്വരങ്ങൾക്ക് വകഭേദങ്ങൾ ഉണ്ട്. അതുകൊണ്ട് അവയെ വികൃതിസ്വരങ്ങൾ എന്നും പറയുന്നു. രി - 3, ഗ - 3, മ - 2, ധ - 3, നി - 3 അങ്ങനെ 14 സ്വരങ്ങളും സ, പ ഇവ കൂടി ആകുമ്പോൾ 16 സ്വരങ്ങളായും അവസ്ഥിതി ചെയ്യുന്നു.

ഷഡ്ജം, ശുദ്ധഋഷഭം, ചതുർശ്രുതിഋഷഭം, ഷട്ശ്രുതി- ഋഷഭം, ശുദ്ധസാന്ധാരം, സാധാരണ സാന്ധാരം, അന്തരഗാന്ധാരം, ശുദ്ധമധ്യമം, പ്രതിമധ്യമം, പഞ്ചമം, ശുദ്ധധൈവതം, ചതുർശ്രുതി

ധൈവതം, ഷഡ്ശ്രുതിധൈവതം, ശുദ്ധനിഷാദം, കൈശികി നിഷാദം, കാകളി നിഷാദം എന്നിവയാണ് 16 സ്വരങ്ങൾ

**രാഗം**

ഈണം എന്നും ഇതിനെ വിശേഷിപ്പിക്കും. സ്വരവർണങ്ങളാൽ അലംകൃതമായി മനുഷ്യമനസ്സിനെ ആനന്ദിപ്പിക്കാൻ കഴിയും വിധമുള്ള ധ്വനിവിശേഷങ്ങളുടെ സമ്മേളനമാണ് രാഗം. കർണ്ണാടകസംഗീതത്തിൽ എണ്ണമറ്റ രാഗങ്ങൾ ഉണ്ട്. കർണ്ണാടകസംഗീതത്തിൽ ആദ്യമായി പരിചയപ്പെടുന്ന രാഗമാണ് മായാമാളവഗൗള. രാഗങ്ങളിൽ പ്രധാനമായും മേളകർത്താരാഗങ്ങൾ ജന്യരാഗങ്ങൾ എന്നീ രണ്ടുവിഭാഗങ്ങളാണ് ഉള്ളത്.

**രാഗങ്ങളും അവയിലെ ചില സിനിമാഗാനങ്ങളും**

| രാഗം | ഗാനം | ചിത്രം | സംഗീതം |
|---|---|---|---|
| കല്യാണി (മേളകർത്താരാഗം) | സ്വർണ്ണച്ചാമരം | യക്ഷി | ദേവരാജൻമാസ്റ്റർ |
| കല്യാണി (മേളകർത്താരാഗം) | പൊൽത്തിങ്കൾ കല | കുമാരസംഭവം | ദേവരാജൻമാസ്റ്റർ |
| ഖരഹരപ്രിയ(മേളകർത്താരാഗം) | ഉത്തരാസ്വയംവരം | ഡയ്ഞ്ചർ ബിസ്ക്കറ്റ് | ദക്ഷിണമൂർത്തി |
| ദർബാരി കാനഡ (മേളകർത്താരാഗം) | ആയിരം പാദസരങ്ങൾ | നദി | ദേവരാജൻമാസ്റ്റർ |
| കാംബോജി (ജന്യരാഗം) | ശക്തിമയം | ദേവികന്യാകുമാരി | ദേവരാജൻമാസ്റ്റർ |
| മായാമാളവഗൗഗ (മേളകർത്താരാഗം) | പവനരച്ചെഴുതുന്നു | വിയറ്റ്നാം കോളനി | എസ്.ബാലകൃഷ്ണൻ |
| നഠഭൈരവി (മേളകർത്താരാഗം) | സംഗീതമേ | സർഗം | ബോംബെ രവി |

**താളം**

പാട്ടിന്റെ വേഗതയെ നിയന്ത്രിക്കുന്ന പ്രവൃത്തിയാണ് താളം. നിശ്ചിത വേഗത്തിൽ ആവർത്തിച്ച് വരുന്ന ചലനമെന്നും ഇതിനെ പറയാം. ഹൃദയമിടിപ്പുപോലെ ക്ലോക്കിന്റെ പെൻഡുലം പോലെ അതിസൂക്ഷ്മമായ ഇടവേളകളാണ് ഇവയ്ക്ക് ഉള്ളത്. കർണ്ണാടകസംഗീതത്തിൽ പ്രധാനപ്പെട്ട താളങ്ങൾ ഏഴെണ്ണമാണ് ധ്രുവതാളം, മഠ്യതാളം, രൂപകതാളം, ത്സംപതാളം, ത്രിപുടതാളം, അട താളം, ഏകതാളം, എന്നിങ്ങനെയാണ് അവയുടെ പേരുകൾ.

സപപ്തതാളങ്ങൾ അവയ്ക്ക് തിശ്രം, ചതുരശ്രം, ഖണ്ഡം, മിശ്രം എന്ന് അഞ്ച് ജാതികൾ, അവയ്ക്ക് തിശ്രനട, ചതുരശ്രനട, ഖണ്ഡനട, മിശ്രനട എന്ന് 5 നടകൾ അങ്ങനെ175 താളങ്ങളാണ് നമുക്ക് ഉള്ളത്. (സപ്തതാളങ്ങൾ x പഞ്ചനട x പഞ്ചജാതി x 7 x 5 x 5 = 175 താളങ്ങൾ)

## വരിശകൾ

സപ്തസ്വരങ്ങളെ വ്യത്യസ്തമാർന്ന പാറ്റേണുകൾ ആക്കുന്നതാണ് വരിശകൾ. നാം പല പ്രാവശ്യമെഴുതി അക്ഷരങ്ങൾ ഹൃദിസ്ഥമാക്കും പോലെ നാദഭാഷയായ സംഗീതത്തിൽ ഈ സ്വരങ്ങളെ പല ആവർത്തി കേട്ടും അനുകരിച്ചുമാണ് സൂക്ഷ്മമാർന്ന ആന്ദോളനം (Frequency) നേടുന്നത്. അഭ്യാസഗാനം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സരളിവരിശകൾ ജണ്ഡ, (ഇരട്ട) വരിശകൾ, ദാട്ടുവരിശകൾ, അലങ്കാരം തുടങ്ങി ധാരാളം വകഭേദങ്ങൾ ഉണ്ട്.

കർണ്ണാടക സംഗീതവുമായി ബന്ധപ്പെട്ട ധാരാളം സാങ്കേതിക കാര്യങ്ങൾ (മനോധർമ്മ സംഗീതം, വ്യത്യസ്ത അഭ്യാസഗാനങ്ങൾ, രാഗവിഭജനനം) ഇനിയും അവശേഷിക്കുന്നവ സ്വന്തമായി അന്വേഷിക്കൂ.

## പഠനനേട്ടം

**വാദ്യോപകരണങ്ങൾ തിരിച്ചറിയുകയും വേർതിരിക്കുകയും ചിലവ വാദനം നടത്തുകയും ചെയ്യുന്നു.**

ചിരപരിചിതമായ ചില വാദ്യോപകരണങ്ങൾ ഏതെല്ലാമാണ്. പഞ്ചവാദ്യത്തിൽ ഉപയോഗിക്കുന്ന വാദ്യങ്ങൾ, കഥകളലയിൽ ഉപയോഗിക്കുന്ന വാദ്യങ്ങൾ ഗാനമേളകളിലുപയോഗിക്കുന്നവ ഇവയൊക്കെ ശ്രദ്ധിച്ചിട്ടുണ്ടോ എന്തെല്ലാമാണ് പ്രത്യേകതകൾ എങ്ങനെയൊക്കെ അതിനെ തരം തിരിക്കാൻ കഴിയും.

## വാദ്യങ്ങൾ

വിപുലമായ ഒരു സംഗീതശാഖയാണ് വാദ്യസംഗീതം. ഭാരതീയ സംഗീതത്തിലും വാദ്യസംഗീതത്തിന് പ്രധാന സ്ഥാനമാണുള്ളത്. അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ മയലിൻ മാന്ത്രികൻ ബാലഭാസ്കറെ എങ്ങനെ നാം മറക്കും. നിർമിതി, പ്രയോഗരീതി, ഉപയോഗിച്ചിട്ടുള്ള വസ്തുക്കൾ എന്നിവയിലധിഷ്ഠിതമാണ് വിദ്യോപകരണ വിഭജനം. അനവദ്ധം, തതം, സുഷിരം, ഘനം എന്നിവയാണ് പ്രധാനതരംതിരിവ്. ഉപയോഗിക്കുന്ന വസ്തുക്കൾ അനുസരിച്ചുള്ള വിഭജനമാണിത്.

## അനവദ്യ വാദ്യങ്ങൾ/തുകൽ വാദ്യം

മൃഗങ്ങളുടെ തോൽ, അല്ലെങ്കിൽ തോൽ ഉപയോഗിച്ച് നിർമിച്ചിട്ടുള്ള വാദ്യോപകരണങ്ങളാണിത്. കൈകൾ കൊണ്ട് തട്ടിയും, കമ്പുകൾകൊണ്ട് തട്ടിയും ഉരസിയും വായിക്കുന്ന വാദ്യോപകരണങ്ങളാണ് അനവദ്ധവാദ്യങ്ങൾ അഥവാ തുകൽ വാദ്യങ്ങൾ. പാശ്ചാത്യ സംഗീതത്തിൽ ഇവ പെർക്കഷൻ ഇൻസ്ട്രുമെന്റ് എന്നാണറിയപ്പെടുന്നത്.


മൃദംഗം


ചെണ്ട


മദ്ദളം



തവിൽ



എടയ്ക്ക



തബല



തിമില



ഗഞ്ചിറ



ഘടം

**സുക്ഷിര വാദ്യങ്ങൾ**

ഈറ, മുള, ലോഹം തുടങ്ങിയ വസ്തുക്കളിൽ സുഷിരങ്ങൾ ഉണ്ടാക്കി അവയിലൂടെ വായു കടത്തിവിട്ട് നാദം ഉല്പാദിപ്പിക്കപ്പെടുന്ന വാദ്യങ്ങൾ. വാദ്യോപകരണങ്ങളിൽ സുഷിരങ്ങൾ ഉണ്ടാക്കി അവയിലൂടെ വായു കടത്തിവിട്ട് കൈവിരലുകൾ കൊണ്ട് തുറന്നും അടച്ചുമാണ് ഇവയിൽ നാദവീചികൾ സൃഷ്ടിക്കപ്പെടുന്നത്.

ഓടക്കുഴൽ അഥവാ പുല്ലാങ്കുഴൽ, ബാംസൂരി ഇവ മുളയിൽ നിർമിച്ചിട്ടുള്ളവവാണ്. കൂടാതെ ക്ലാരിനറ്റ് ബ്യൂഗിൾ, ട്രംപറ്റ്, നാഗസ്വരം, ശഹനായി, കൊമ്പ് കുഴൽ തുടങ്ങിയവ ഉദാഹരണമാണ്. പാശ്ചാത്യസംഗീതത്തിൽ ഇവയെ വിൻഡ് ഇൻസ്ട്രമെന്റ്സ് എന്നും വിഭജിച്ചിരിക്കുന്നു.



ഓടക്കുഴൽ/പുല്ലാങ്കുഴൽ



ക്ലാരിനറ്റ്



ബ്യൂഗിൾ



ട്രംപറ്റ



നാഗസ്വരം



ശഹനായി



കൊമ്പ്



കുഴൽ

**തന്ത്രിവാദ്യങ്ങൾ (തതവാദ്യങ്ങൾ)**

തന്ത്രികൾ അഥവാ കമ്പികളിൽ തട്ടി ശബ്ദമുണ്ടാക്കുന്ന ആശയം അമ്പും വില്ലും തമ്മിൽ തട്ടുമ്പോഴുണ്ടാകുന്ന ശബ്ദത്തിൽ നിന്നാണ് ലഭിച്ചത്. വേടൻമാർ ഉപയോഗിച്ചിരുന്ന വില്ലിൽ ഞാൺകെട്ട് അമ്പ് തൊടുത്ത് വിടുമ്പോൾ ഉണ്ടാകുന്ന "ടായ്" ശബ്ദം ഈ ആശയത്തിന് രൂപം നൽകി. ശത വാദ്യങ്ങൾ തന്ത്രിവാദ്യങ്ങൾ എന്ന വിഭാഗത്തിൽ ധാരാളം വാദ്യോപകരണങ്ങൾ രൂപംകൊണ്ടു. പ്ലാവ്, തേക്ക് കടിയിൽ പ്രത്യേകരീതിയിൽ നിർമിച്ചിട്ടുള്ള ചട്ടക്കൂടിൽ തന്ത്രികൾ വലിച്ചുമുറുക്കി കെട്ടി അവയിൽ തട്ടിയാണ് ശബ്ദം ഉണ്ടാക്കിയിരിക്കുന്നത്.



വീണ



സിത്താർ



സാരംഗി



സന്തൂർ



പുള്ളവവീണ



വയലിൻ



ഗിത്താർ

ഇങ്ങനെ ധാരാളം തന്ത്രിവാദ്യങ്ങൾ ഉണ്ട്. സ്ട്രിംഗ്സ് ഇൻസ്ട്രുമെന്റ്സ് എന്നാണ് പാശ്ചാത്യർ ഇവയെ വിളിക്കുന്നത്. തംബുരുവും ഈ ഗണത്തിൽപ്പെടുന്നുവെങ്കിലും അത് ശ്രുതിക്കു വേണ്ടി ഉപയോഗിക്കുന്ന വാദ്യമാണ്.

**ഘന വാദ്യങ്ങൾ**

ലോഹനിർമിതമായിട്ടുള്ള വാദ്യങ്ങളാണിവ



**ചേങ്ങില**



**ജാലർ**



**ഇലത്താളം**



**സിംബൽസ്**



**മുഖർശംഖ്**

**റീഡ് വാദ്യങ്ങൾ**

ചെമ്പ് പോലുള്ള നേർത്ത് ലോഹത്തകിൽ വായു കടത്തിവിട്ട് കമ്പനം നടത്തുന്ന വാദ്യങ്ങളാണിവ.



**ഹാർമോണിയം**



**അക്കോഡിയൻ**



**പീയാനോ**



**ഓർഗൻ**

# കലാവിദ്യാഭ്യാസം



യൂണിറ്റ് 3

## ക്യാമറയുടെ കല

*പഠനനേട്ടങ്ങൾ*

- ☐ വൈവിധ്യമാർന്ന സിനിമകൾ ആസ്വദിക്കുന്നു. വിശകലനം നടത്തി സവിശേഷതകൾ കണ്ടെത്തി അവതരിപ്പിക്കുന്നു
- ☐ കുട്ടികളുടെ സിനിമയിലെ സവിശേഷതകൾ കണ്ടെത്തി പഠനസാധ്യതയുള്ള ലഘുസിനിമകൾ നിർമ്മിക്കുന്നതിനുള്ള ശേഷി കൈവരിക്കുന്നു.
- ☐ ഫലപ്രദമായ ക്ലാസ്റൂം പ്രവർത്തനത്തിന് സിനിമ മാധ്യമമാക്കുന്നതിന് ശേഷി നേടുന്നു.

**പ്രധാന ആശയങ്ങൾ**

- ☐ സിനിമ ആശയവിനിമയോപാധി
- ☐ സിനിമാസ്വാദനം
- ☐ സിനിമയുടെ കലാപരമായ ചേരുവകൾ
- ☐ ലൈറ്റ്, സംഗീതം, വേഷവിധാനം
- ☐ കുട്ടികളുടെ സിനിമ, ക്ലാസ് റൂം സാധ്യതകൾ
- ☐ ഡോക്യുമെന്ററി സിനിമകൾ
- ☐ ആനിമേഷൻ സിനിമകൾ
- ☐ ഷോർട്ട് ഫിലിം
- ☐ ഷൂട്ടിംഗ്, എഡിറ്റിംഗ്, സംവിധാനം
- ☐ ഫിലിം ക്ലബ്ബ്
- ☐ വീഡിയോ ലൈബ്രറി

**ആമുഖം**

ഇരുപതാം നൂറ്റാണ്ടിന്റെ കലയാണ് സിനിമ. സാഹിത്യസംഗീതാദി കലാരൂപങ്ങളുമായി ബന്ധപ്പെട്ട് വളർച്ച പ്രാപിച്ച ദൃശ്യപ്രധാനമായ കലാരൂപമെന്ന നിലയിൽ സിനിമ ഇതര കലാരൂപങ്ങളുടെ സമ്മേളനമാണ്. ചലിക്കുന്ന ചിത്രം എന്നർത്ഥമുള്ള ചലച്ചിത്രം വിനോദം പ്രധാനം ചെയ്യുന്ന ഒരു മാധ്യമമായിട്ടാണ് ഇന്ന് അധികവും അറിയപ്പെടുന്നത്, ചുമതലാബോധമുള്ള ഒരു നല്ല സമൂഹത്തെ വാർത്തെടുക്കുവാനും മനുഷ്യന്റെ സാംസ്കാരിക വളർച്ചയെ ത്വരിതപ്പെടുത്തുവാനും ബുദ്ധിപരവും വിദ്യാഭ്യാസപരവുമായ വികാസത്തിന് രൂപം നൽകുവാനും ഈ മാധ്യമത്തിന് കഴിയും. സിനിമ അഭ്രപാളിയിലെ നിഴൽവെളിച്ചകലയായി വർദ്ധിച്ച ജനസ്വാധീനം നേടിയിരിക്കുന്നു. കുട്ടികളിലും സിനിമ എന്ന കല ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. സിനിമയുടെ സാങ്കേതികത്വവും, കലാംശങ്ങളും അറിഞ്ഞ് വിദ്യാർത്ഥികൾക്ക് ഹ്രസ്വസിനിമകൾ നിർമ്മിക്കുന്നതിനുള്ള അവസരങ്ങൾ ലഭിക്കേതു്. പാഠ്യവിഷയവുമായി ബന്ധപ്പെട്ട ആശയങ്ങളും, സാമൂഹ്യപ്രസക്തിയുള്ള ഇതര ആശയങ്ങളും സന്നിവേശിപ്പിച്ച് നിർമ്മിക്കുന്ന ഇത്തരം ഹ്രസ്വചിത്രങ്ങൾ പാഠ്യപദ്ധതി വിനിമയത്തിന് ഉതകും വിധം ക്ലാസ്മുറികളിൽ ചർച്ചയ്ക്കും വിശകലനത്തിനും വിധേയമാക്കണം. ഈ യൂണിറ്റിൽ ഭാവി അധ്യാപകർക്ക് വേുന്ന സാങ്കേതികവും പ്രായോഗികവുമായ അവബോധം നൽകാനാണ് ലക്ഷ്യമിടുന്നത്.

## സിനിമ - ശക്തമായ ആശയവിനിമയോപാധി

□ നിങ്ങൾ അടുത്തകാലത്ത് ക സിനിമകൾ ഏതെല്ലാമാണ്? എത്ര സിനിമകൾ നിങ്ങളുടെ ഓർമ്മയിൽ തെളിഞ്ഞുവരുന്നു? നിങ്ങളുടെ മനസ്സിൽ മായാതെ നിൽക്കുന്ന സിനിമ ഏതാണ്? എന്തുകൊായിരിക്കാം ആ സിനിമ നിങ്ങളുടെ മനസ്സിൽ മായാതെ നിൽക്കുന്നത്?
ആ സിനിമയുടെ പ്രത്യേകതകൾ എന്തെല്ലാമാണ്?

*ഒന്നു പറഞ്ഞുനോക്കൂ. എന്തെല്ലാം കാര്യങ്ങൾ നമുക്ക് പറയാനാകും?*

- □ നല്ല കഥ
- □ നല്ല അഭിനയം
- □ നല്ല പാട്ടുകൾ
- □ നല്ല ഹാസ്യരംഗങ്ങൾ
- □ മികച്ച ഛായാഗ്രഹണം
- □ നല്ല സംവിധാനം

ഇനിയും എന്തെല്ലാം കൂട്ടിച്ചേർക്കാൻ കഴിയും?

മനസ്സിൽ മായാതെ നിൽക്കുന്ന സിനിമകളുടെ സവിശേഷതകളാണല്ലോ നിങ്ങൾ പറഞ്ഞ് വെച്ചത്. കലാമൂല്യമുള്ള സിനിമകളിൽ ഈ ഘടകങ്ങളുടെ മനോഹരമായ സമ്മേളനം കാണാൻ കഴിയും. അത്തരത്തിലുള്ള ഏതെല്ലാം സിനിമകളുടെ പേരുകൾ നിങ്ങൾക്ക് പറയാനാകും?

- □ കുമ്മാട്ടി
- □ ദി റെഡ് ബലൂൺ
- □ കാക്കോത്തിക്കാവിലെ അപ്പൂപ്പൻതാടികൾ
- □ പാഥേർ പാഞ്ചാലി
- □ ബൈസിക്കിൾ തീവ്സ്
- □ താരെ സമീൻ പർ
- □ ചിൽഡ്രൺ ഓഫ് ഹെവൻ
- □ ദി കിഡ്
- □ കളർ ഓഫ് പാരഡൈസ്
- □ മൈ ഡിയർ കുട്ടിച്ചാത്തൻ
- □ ഡ്രീംസ്
- □ സിനിമാടിക്കറ്റ




□ ഇവിടെ ലിസ്റ്റ് ചെയ്ത സിനിമകൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നതിനുവേ എന്തെല്ലാം ക്രമീകരണങ്ങൾ ഒരുക്കും? നിങ്ങൾ ചർച്ച ചെയ്ത ഏതെല്ലാം കാര്യങ്ങൾ സിനിമയുടെ ആസ്വാദനവേളയിൽ ശ്രദ്ധിച്ചു?

□ അഭിനയം, തിരക്കഥ, ഛായാഗ്രഹണം, സംവിധാനം, സംഗീതം ഇവയെല്ലാം സിനിമയുടെ ആസ്വാദനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. എന്നാൽ സിനിമയുടെ വായന സാധ്യമാക്കുന്നതിന് മറ്റെന്തെല്ലാം കാര്യങ്ങളാണ് പരിഗണിക്കേിവരിക?

□ പ്രേക്ഷകന്റെ മനസ്സിനെ സ്വാധീനിക്കുന്ന ഘടകം, സിനിമ തരുന്ന സന്ദേശങ്ങളും ആശയങ്ങളുമായിരിക്കും. സിനിമ വിനിമയം ചെയ്യുന്ന ആശയങ്ങളെ വായിച്ചെടുക്കുന്നതിന് സിനിമയെ എങ്ങനെയെല്ലാം

സമീപിക്കാൻ കഴിയും? നിങ്ങൾ ക്ലാസ്സിൽ പ്രദർശിപ്പിച്ച സിനിമകളുടെ പൊതു സ്വഭാവമെന്തെന്ന് കണ്ടെത്താൻ കഴിഞ്ഞുവോ?

☐ കുട്ടികളുടെ ജീവിതസാഹചര്യങ്ങളെ ആവിഷ്ക്കരിക്കുന്ന സിനിമകളായതുകൊണ്ട് കുട്ടികളുടെ പക്ഷത്ത് നിന്നുള്ള വായനയല്ലേ ഈ സിനിമകളിൽ സ്വീകരിക്കാവുന്ന വായനസമീപനം എങ്കിൽ ഏതെല്ലാം തരത്തിലുള്ള വായനകൾ സാധ്യമാകും.

☐ പരിസ്ഥിതി വായന
☐ രാഷ്ട്രീയവായന
☐ സ്ത്രീപക്ഷവായന എന്നിങ്ങനെ.
☐ മറ്റെന്തെല്ലാം നിങ്ങൾക്ക് കൂട്ടിച്ചേർക്കാൻ കഴിയും?

ഈ അർത്ഥത്തിൽ സാമൂഹ്യ സാംസ്കാരിക പ്രശ്നങ്ങളും വ്യക്തിജീവിതപ്രശ്നങ്ങളും കലാപരമായി പ്രേക്ഷകന്റെ മനസ്സിലേയ്ക്ക് വിനിമയം ചെയ്യുന്നതിലൂടെ സിനിമ ഒരു ജനകീയ കലാമാധ്യമമായി നിലകൊള്ളുന്നു. ആശയവിനിമയോപാധി എന്ന നിലയിൽ സിനിമയിലൂടെയുള്ള വിദ്യാഭ്യാസത്തിന് ഏറെ പ്രസക്തിയുണ്ട്.

☐ സിനിമയുടെ വായനയും ആസ്വാദനവുമായി ബന്ധപ്പെട്ട് കൂടുതൽ ധാരണകളും അനുഭവങ്ങളും ലഭിക്കുന്നതിന് ക്ലാസ്സിൽ എന്തെല്ലാം പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനാകും?
☐ സെമിനാർ
☐ അധികവായന
☐ അഭിമുഖം എന്നിവയ്ക്കെല്ലാം സാധ്യതയില്ലെ?

തുടർപ്രവർത്തനങ്ങൾ

*'സിനിമ ശക്തമായ ഒരാശയ വിനിമയോപാധിയാണ്' എന്ന വിഷയത്തിൽ സെമിനാർ നടത്തുന്നതിന് നിങ്ങൾ എന്തെല്ലാം ഒരുക്കങ്ങളാണ് ചെയ്യുക?*
☐ *അധികവായനക്കുവേണ്ടി ഏതെല്ലാം പുസ്തകങ്ങൾ തെരഞ്ഞെടുക്കും?*
☐ *നിങ്ങളുടെ പ്രദേശത്തുള്ള സിനിമാരംഗത്ത് പ്രവർത്തിക്കുന്ന ഒരു വിദഗ്ധനുമായി അഭിമുഖത്തിന് വേണ്ടി തയ്യാറാക്കുന്ന അഭിമുഖ ചോദ്യാവലിയിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തും?*

***വിലയിരുത്തൽ***

നിങ്ങൾ ക്ലാസിൽ പ്രദർശിപ്പിച്ച ഏതെങ്കിലും ഒരു സിനിമയുടെ വിമർശനക്കുറിപ്പ് തയ്യാറാക്കുക.

***വിലയിരുത്തൽ***


1. ഒരു സിനിമ എങ്ങനെയുണ്ടാകുന്നു. — കെ. കെ. ചന്ദ്രൻ, ചിന്താ പബ്ലിഷേഴ്സ്.
2. സ്വർഗത്തിലെ കുട്ടികൾ സിനിമ: കാഴ്ച — വിജയകുമാർ ബ്ലാത്തൂർ– കേരള ശാസ്ത്രസാഹിത്യപരിഷത്ത്.
3. ദൃശ്യശ്രാവ്യ മാധ്യമങ്ങൾ ഭാഗം-1. — വിജയകൃഷ്ണൻ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
4. ഭൂമിയിലെ നക്ഷത്രങ്ങൾക്കിടയിലൂടെ– — പി.എസ്.രാജേഷ്, നാഷണൽ ബുക്ക്സ്റ്റാൾ.

## സിനിമയുടെ കലാപരമായ ചേരുവകൾ

ക്ലാസിൽ നിങ്ങൾ പ്രദർശിപ്പിച്ച ചിത്രങ്ങൾക്ക് കലാപരമായ മേന്മകൾ നൽകുന്ന കാര്യങ്ങൾ എന്തൊക്കെയാവണം? തിരക്കഥ, അഭിനയം, സംഗീതം, ലൈറ്റ്, വേഷവിധാനം, ക്യാമറ, സംവിധാനം എന്നിവയെല്ലാമല്ലേ?
കൂടാതെ മറ്റെന്തെല്ലാം കാര്യങ്ങൾ ഇതിൽ ഉൾപ്പെടുത്താം?

### ലൈറ്റ്

വെളിച്ചത്തിന്റെ മനോഹരമായ വിന്യാസമാണ് സിനിമയുടെ ഗുണപരതയെ വർദ്ധിപ്പിക്കുന്ന ഒരു പ്രധാന ഘടകം.

സിനിമാട്ടോഗ്രാഫർ സിനിമയ്ക്കുപയോഗിക്കുന്ന പ്രകാശസംവിധാനത്തിന് പ്രചോദനമാകേത് സംവിധായകൻ ഉദ്ദേശിക്കുന്ന ദൃശ്യശൈലി അടിസ്ഥാനപ്പെട്ടിട്ടാണ്.,
ലൈറ്റിങ്ങിനെ അടിസ്ഥാനമായി രായി തിരിക്കുന്നു
.
1. ഹൈകീ ലൈറ്റിംങ്ങ്. (Highkey lighting)
2. ലോ കീ ലൈറ്റിംങ്ങ് (Low key lighting)



1. ഹൈ കീ ലൈറ്റിംങ്ങ് (Highkey lighting)

സ്വതവേ പ്രകാശം നിറഞ്ഞതും എല്ലാസ്ഥലങ്ങളിലും ഒരേ അളവിൽ വിന്യസിക്കപ്പെട്ടതും നിഴൽ കുറവായതുമാണ്. ഇത് സാധാരണയായി സംഗീതത്തിന് മുൻതൂക്കം കൊടുക്കുന്ന സിനിമകൾക്കും ഹാസ്യ സിനിമകൾക്കുമാണ് ഫലപ്രദമായി ഉപയോഗിക്കുന്നത്. ബോളിവുഡ് സിനിമകളിൽ അധികമായി ഉപയോഗിക്കുന്നത് ഹൈ കീ ലൈറ്റിംങ്ങ് ആണ്. ഇതിന് (Contrast) കുറവാണ്. (വെളിച്ചം-നിഴൽ അനുപാതം)



2. ലോ കീ ലൈറ്റിംങ്ങ് (Low key lighting)

ത്രില്ലർ, മെലോഡ്രാമ നിറഞ്ഞ ചിത്രങ്ങൾക്ക് പൊതുവേ ഉപയോഗിക്കുന്ന ലൈറ്റിംങ്ങ് രീതിയാണ്. ഇരുളും വെളിച്ചവുമായുള്ള അനുപാതം വളരെ കൂടുതലായി ഉപയോഗിച്ച് കാഴ്ചയിൽ തന്നെ പ്രേക്ഷകരിൽ ഉദ്വേഗം ജനിപ്പിക്കാൻ ഇത്തരം ലൈറ്റിംങ്ങിന് കഴിയുന്നു. ഓരോ സിനിമാട്ടോഗ്രാഫർമാരും ഈ വിധ ലൈറ്റിംങ്ങിന്റെ സാധ്യത വളരെ ക്രിയേറ്റീവായി പരീക്ഷിച്ചു

പോരുന്നു.
ലൈറ്റിംങ്ങിന്റെ പ്രാഥമിക ഘടകങ്ങളെ മൂന്നായി തിരിക്കാം.

1. കീ ലൈറ്റ് (key light)
2. ഫിൽ ലൈറ്റ് (Fill light)
3. ബാക്ക് ലൈറ്റ് (Back light)

**1. കീ ലൈറ്റ്**

ഒരു സീനിലേക്കായി ഉപയോഗിക്കുന്ന പ്രധാനപ്പെട്ടതും തീവ്രവുമായ ലൈറ്റിനെ കീ ലൈറ്റിംങ്ങ് എന്ന് പറയുന്നു. പ്രധാന കഥാപാത്രത്തെ അല്ലെങ്കിൽ വസ്തുവിനെ ലൈറ്റ് ചെയ്യാനാണ് കീ ലൈറ്റ് സാധാരണയായി ഉപയോഗിച്ചു വരുന്നത്. ഷൂട്ടിംഗ് സെറ്റിൽ ആദ്യമായി സ്ഥാപിക്കുക ചിലപ്പോൾ കീ ലൈറ്റ് ആയിരിക്കും. ഓരോ ക്യാമറാന്മാരും ഓരോ രീതിയായിരിക്കും പിൻതുടരുക. ഷൂട്ടിംഗ് സെറ്റിന്റെ പിറകിൽ നിന്ന് ലൈറ്റ് ചെയ്ത് തുടങ്ങുന്നവരുമു്. കീ ലൈറ്റ് ഏത് ഭാഗത്ത് നിന്നാണ് പ്രകാശിപ്പിക്കേ ത് എന്നത് അതാത് സീനിന്റെ ഇഫക്റ്റുമായി ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത്. സാധാരണ ക്യാമ റയുടെ ഭാഗത്ത് നിന്ന് കീ ലൈറ്റ് ഉപയോഗിക്കുക അപൂർവമാണ്. അത് ദൃശ്യത്തിന്റെ ത്രിമാന സ്വാഭാവം ഇല്ലാതാക്കും. കീ ലൈറ്റ് ഏതെങ്കിലും ഒരു വശത്ത് നിന്ന് കൊടുക്കുകയാണെങ്കിൽ കഥാപാത്രത്തിന്റെ ശരീരത്തിന്റെ എതിർവശം നിഴലിൽ ആകുന്നതാണ്. ഇത് ഒരു നാടകീയത ദൃശ്യത്തിന് കൈവരിക്കുവാൻ സാധിക്കും. ഇങ്ങനെ ഒരു കഥാപാത്രത്തിന്റെയോ മൊത്തം സിനിമയുടേയോ അന്തരീക്ഷം സൃഷ്ടിക്കുവാൻ വേി മാത്രം ചില രീതികൾ അവലംബിക്കുമെന്നാല്ലാതെ പതിവു രീതിയായി ഒരു തരം ലൈറ്റിംങ്ങിൽ സ്വീകരിക്കുന്നത് ക്രിയാത്മകമല്ല. സിനിമയുടെ ശൈലിക്കാവശ്യമായ ലൈറ്റിംങ്ങ് ഓരോ സിനിമയ്ക്കും വ്യത്യസ്തമാക്കണം.

## ബാക്ക് ലൈറ്റിങ്ങ് (Back lighting)

കഥാപാത്രത്തിന്റെ പിറകിൽ ഉയരത്തിൽ നിന്നും തലയുടെ പിറകിൽ പതിക്കുന്ന രീതിയിൽ പ്രകാശിപ്പിക്കുവാനുള്ള ലൈറ്റ് ആണ് ബാക്ക്ലൈറ്റ്. ബാക്ക് ഗ്രൗിൽ നിന്നും കഥാപാത്രത്തെ വേർതിരിച്ച് നിർക്കുക എന്നതാണ് ഇങ്ങനെ ലൈറ്റ് ചെയ്യുന്നതിന്റെ ഉദ്ദേശ്യം.






### ഫിൽ ലൈറ്റ് (Fill light)

നിഴൽ (shadow) കൂടുതലായി വീഴുന്ന ഭാഗങ്ങളിൽ പ്രകാശം നിറയ്ക്കുവാനായി ഉപയോഗിക്കുന്ന ലൈറ്റാണു ഫിൽ ലൈറ്റ്. അത് തീവ്രത കുറഞ്ഞ രീതിയിലാണ് പ്രകാശിപ്പിക്കുക. ഫിൽ ലൈറ്റ് ക്യാമറയുടെ ഭാഗത്ത് നിന്നും വസ്തുവിലേയ്ക്കും കഥാപാത്രത്തിന്റെ മുഖത്തേയ്ക്കും കൊടുക്കാറു് ഇത്തരം ലൈറ്റിനെ ഫിൽ ലൈറ്റ് എന്ന് പറയുന്നു. കണ്ണിന്റെ ഭാഗത്തായി വന്നേക്കാവുന്ന നിഴലിനെ കുറക്കുവാനാണ് ഈ ലൈറ്റ് ഉപയോഗിക്കുന്നത്.

കൂടാതെ റെംബ്രാന്റ് ലൈറ്റ്, ബാക്ക് ഗ്രൗ, ഫോർ ഗ്രൗ ലൈറ്റിങ്ങ്, റിംലൈറ്റ്, ഓൺ സൈഡ് ആന്റ് ഓഫ് സൈഡ് ലൈറ്റിങ്ങ്, ലൈറ്റിങ്ങ് കിന്യൂയിറ്റി, ഇഫക്ട്സ് ലൈറ്റിങ്ങ് എന്നിങ്ങനെ വ്യത്യസ്ത തരം ലൈറ്റിങ്ങ് രീതികൾ സിനിമയുടെ ദൃശ്യഗുണം വർദ്ധിപ്പിക്കുന്നതിന് ഉപയോഗിച്ച് വരുന്നു.

നിങ്ങൾ ക്ലാസിൽ പ്രദർശിപ്പിച്ച ഡ്രീംസ് എന്ന സിനിമയിൽ വെളിച്ചത്തെ (ലൈറ്റിങ്ങ്) ഏതെല്ലാം രീതിയിലാണ് വിന്യസിപ്പിച്ചിട്ടുള്ളത്?

അടൂർ ഗോപാലകൃഷ്ണന്റെ കൊടിയേറ്റം, എലിപ്പത്തായം, മുഖാമുഖം, നിഴൽ കൂത്ത് എന്നി സിനിമകളിൽ വെളിച്ചത്തെ എങ്ങനെയെല്ലാമാണ് വിന്യസിപ്പിച്ചിരിക്കുന്നത്?

### സംഗീതം


സിനിമയുടെ കലാപരമായ ചേരുവകളിൽ വെളിച്ചം പോലെ പ്രധനപ്പെട്ട ഒരു ഘടകം സംഗീതമാണ്. പശ്ചാത്തല സംഗീതം ദൃശ്യ സന്ദർഭങ്ങളിൽ ലയിച്ചു ചേരുമ്പോഴാണ് സിനിമ വൈകാരികമായ അനുഭൂതി ജനിപ്പിക്കുന്നത്.

സംഗീതത്തിന് ദൃശ്യങ്ങളെ വിസ്തരിക്കാനും വിസ്തൃതമാക്കാനും കൂടുതൽ കാവ്യാത്മകമാക്കാനുമുള്ള കഴിവുന്ന് ഇംഗ്മർബർഗ്മാൻ പറയുന്നു. സംഗീതം സിനിമയോട് സാമ്യമുള്ള കലാരൂപമാണ്. ദൃശ്യങ്ങളുടെ സ്ഥാനത്ത് ശബ്ദമാണുപയോഗിച്ചിരിക്കുന്നത്.

ദൃശ്യങ്ങളെ വിസ്തരിക്കുകയെന്നാൽ ദൃശ്യങ്ങൾക്ക് സംഗീതത്തിന്റെ സഹായത്തോടെ കൂടുതൽ അർഥതലങ്ങൾ നൽകുകയെന്നാണർത്ഥം. അതുപോലെ ദൃശ്യങ്ങളെ വിസ്തൃതമാക്കാനും സംഗീതത്തിന് കഴിയും. ചില ദൃശ്യങ്ങളോടൊപ്പം ഓടക്കുഴലുപയോഗിച്ച് സൃഷ്ടിക്കുന്ന ചില രാഗങ്ങൾ ചേർക്കു


റസൂൽപൂക്കുട്ടി


എ.ആർ. റഹ്മാൻ


ദക്ഷിണാമൂർത്തി


ജോൺസൺ

മ്പോൾ പ്രകൃതിദൃശ്യങ്ങളുടെ വിസ്തൃതിയും അഗാധതയും വർദ്ധിക്കുന്നതായി തോന്നും. ദൃശ്യതാളവും ശബ്ദതാളവും ലയിക്കുമ്പോൾ ദൃശ്യങ്ങൾ കൂടുതൽ കാവ്യാത്മകമാക്കുന്നു.

സിനിമയിലെ ഒരു പ്രത്യേക ദൃശ്യഖണ്ഡികയ്ക്ക് സംഗീതം കൊടുക്കുമ്പോൾ പ്രസ്തുത ദൃശ്യഖണ്ഡികയിലെ ഓരോ സംവിധായകന്റെ സൃഷ്ടിപരമായ കാഴ്ചപ്പാടും ലക്ഷ്യവും മനസ്സിലാക്കണം. ദൃശ്യങ്ങളിലേക്ക് നോക്കിയിരുന്ന് സംഗീതം കംപോസ് ചെയ്യണം. കേൾക്കാനിമ്പമുള്ള ഈണവും താളവും ഉ ായാൽ പോരാ അത് ഈ പ്രത്യേക അവസരത്തിനും ദൃശ്യങ്ങളിലെ സ്ഥലകാലാവിഷ്കാര ശൈലിക്കും കൂടുതൽ മിഴിവും അർത്ഥതലങ്ങളും നൽകുന്നുവോ എന്നതാണ് പ്രധാനം സിനിമയിൽ ലയിച്ചു ചേരത്തക്കവിധത്തിലുള്ള പുതുമയാർന്ന സംഗീതാവീഷ്ക്കാരമാണ് പശ്ചാത്തല സംഗീതാവിഷ്ക്കാരവേളയിൽ നടക്കേ ത്.

സംഭാഷണത്തിന് അകമ്പടിയായോ ഇടവേളയിലോ, സീനിലെ വൈകാരികഭാവങ്ങൾക്കും അർഥതലങ്ങൾക്കുമനുസരിച്ച് ഉചിതമായി നൽകുന്ന പശ്ചാത്തല സംഗീതമാണ് score. കഥാപാത്രത്തിന്റെ മനോഘടനയേയും കഥാസന്ദർഭത്തിന്റെ ഭാവപരിസരങ്ങളേയും ഉത്തേചിപ്പിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്.

സംഗീതകലയുടെ ക്ലാസിൽ പശ്ചാത്തല സംഗീതത്തെക്കുറിച്ച് നിങ്ങൾ എന്തെല്ലാം കാര്യങ്ങൾ ചർച്ച ചെയ്തു?

### വേഷവിധാനം

ചതുർവിധാഭിനയത്തിലെ ആഹാര്യാഭിനയം വേഷവിധാനങ്ങളിലൂടെ കഥാപാത്രത്തെ അവതരിപ്പിക്കുന്നതാണ്. സിനിമയിലെ നടീനടന്മാർക്ക് ആവശ്യമുള്ള വസ്ത്രങ്ങളും ആടയാഭരണങ്ങളും നിശ്ചയിക്കുന്നതും ചിത്രീകരണസമയത്ത് അത് അണിയിപ്പിച്ചു കൊടുക്കുന്നതും വസ്ത്രാലങ്കാരകനാണ്. (costumer) ഓരോ കഥാപാത്രത്തിന്റേയും സ്വാഭാവത്തിനും പദവിക്കും കഥാസന്ദർഭത്തിനുമിണങ്ങുന്ന തരം വസ്ത്രങ്ങൾ തെരഞ്ഞെടുത്ത് നൽകേ തു്. കഥാപശ്ചാത്തലത്തിനും ക്യാമറലൈറ്റിംങ്ങിനുമൊക്കെ അനുസൃതമായി യുക്തിപരവും സാങ്കേതികവുമായി ഇത് തീരുമാനിക്കണം. നടീനടന്മാർ കഥാപാത്രമായി മാറുന്നതിന് വസ്ത്രാലങ്കാരത്തോടൊപ്പം ചമയത്തിലും ശ്രദ്ധിക്കേതു്. ക്യാമറ കഥാപാത്രങ്ങളെ ഒപ്പിയെടുക്കുന്നത് ഫിലിമിലെ വിവിധ രാസഘടകങ്ങളുടേയും വ്യത്യസ്ത പ്രകാശ ക്രമീകരണങ്ങളുടേയും വിവിധ ഫിൽറ്ററുകളുടേയും സഹായത്തോടെയാണ്. അതിനനുസരിച്ചുള്ള സാങ്കേതികമായ അറിവ് സിനിമയുടെ ചമയക്കാരനുായിരിക്കണം. (Make upman) രു തരത്തിലുള്ള മേക്കപ്പാണ് സിനിമയിൽ ഉപയോഗിക്കുന്നത്. ലൈറ്റിംങ്ങിന്റേയും ഉപയോഗിക്കുന്ന ഫിലിമിന്റേയും തോതനുസരിച്ച് പൊതുവായി നടീനടന്മാർക്ക് നൽകുന്ന (General makeup) കഥാപാത്രങ്ങളുടെ പ്രത്യേകതകൾക്കനുസരിച്ച് വ്യത്യസ്തമായി നൽകുന്ന Character make up എന്നിവയാണ് ചമയ സംവിധാനങ്ങൾ.


ഔവ്വയ്ഷൺമുഖി (കമലാഹസൻ)

ഔവ്വയ്ഷൺമുഖി, മായാമോഹിനി എന്നീ സിനിമകളിൽ കമലാഹാസനു ദിലീപിനും നൽകിയിരിക്കുന്ന വേഷവിധാനത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?


മായാമോഹിനി (ദിലീപ്)

## ക്യാമറാമൻ/ഛായാഗ്രാഹകൻ (Cinematographer)


സംവിധായകന്റെ കണ്ണായി സിനിമയിൽ നിൽക്കേ ആളാണ് ഛായാഗ്രാഹകൻ അഥവാ ക്യാമറാമൻ. സംവിധായകൻ മനസ്സിലുദ്ദേശിക്കുന്ന ദൃശ്യങ്ങൾ അതിന്റെ പരിപൂർണതയിൽ സൗന്ദര്യപരമായി ഫിലിമിൽ ഒപ്പിയെടുക്കേത് ഛായാഗ്രാഹകനാണ്. ലൈറ്റിംങ്ങിലും ഫ്രെമിംങ്ങിലുമുള്ള മികവാണ് ഇയാളുടെ പ്രതിഭ. കഥാപാത്രങ്ങളേയും കഥാപശ്ചാത്തലത്തേയും ഏതളവിൽ എങ്ങനെ ഒരു ഫ്രെയിമിനുള്ളിൽ ഉൾക്കൊള്ളിക്കുന്നു എന്നതാണ് ഫ്രെയിമിംങ്ങ് ആന്റ് കോംപോസിഷൻ എന്ന് പറയുന്നത്.

ക്യാമറ, വിവിധതരം ലെൻസുകൾ, കളർ ഫിൽട്ടറുകൾ, ഫിലിം, വിവിധ ലൈറ്റുകൾ, ട്രോളി, ക്രെയ്ൻ തുടങ്ങിയ ഉപകരണങ്ങളാണ് ക്യാമറമാൻ കൈകാര്യം ചെയ്യുന്നത്.

സിനിമാരംഗത്തെ ഛായാഗ്രാഹകരുടെ പ്രൊഫൈൽ തയാറാക്കുന്നതിന് നിങ്ങൾ ആരെയെല്ലാം പരിഗണിക്കും?


മങ്കട രവിവർമ്മ


ഷാജി എൻ. കരുൺ


സന്തോഷ് ശിവൻ


ബാലുമഹേന്ദ്ര


## കുട്ടികളുടെ സിനിമ

സിനിമ ആസ്വാദനത്തിനും ആശയവിനിമയത്തിനും അവസരമൊരുക്കു ന്നതിനാൽ വിദ്യാഭ്യാസ പ്രക്രിയയുടെ ഭാഗമായി സിനിമ ശക്തമായ ഒരു മാധ്യമമായി ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നു. കുട്ടികളുടെ കാഴ്ചയുടെ ലോകത്തേയ്ക്ക് തയ്യാറാക്കുന്ന സിനിമകൾ പ്രത്യേക ശ്രദ്ധയോടുകൂടി വേണം നിർമ്മിച്ചെടുക്കേത്. കുട്ടികൾക്കു വേ ധാരാളം സിനിമകൾ നിർമ്മിക്കുന്നുങ്കെിലും മനശാസ്ത്രപരമായ സമീപനങ്ങൾ നിർമ്മാണത്തിൽ സ്വീകരിക്കുന്നുോ എന്നത് വിലയിരുത്തേതാണ്. ബാലമനസ്സുകൾക്കാവശ്യമുള്ളതും നിർദ്ദോഷമായ വിനോദം പ്രദാനം ചെയ്യുന്നതും ജീവിതമൂല്യങ്ങളെ ചോദ്യം ചെയ്യാത്തതും സ്നേഹവും സമാധാനവും ഭദ്രതയും പ്രതിപാദ്യവിഷയങ്ങളായുള്ള സിനിമകളാണ് കുട്ടികൾക്കുവേയുള്ള സിനിമകൾ. അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുന്നവയും ക്രൂരതയും വക്രതയും വെറുപ്പും ജീവിതനൈരാശ്യവും മറ്റും കുട്ടികൾക്കുവേയുള്ള ചിത്രങ്ങൾക്ക് യോജിക്കുന്ന വിഷയങ്ങളല്ല. വിനോദം പകരുന്നതോടൊപ്പം, വ്യക്തിത്വവും പൗരബോധവും പ്രകൃതിസ്നേഹവും കുട്ടികളിൽ വളരുവാൻ







സഹായകമായ പ്രേരണാശക്തി നൽകുന്ന ചിത്രങ്ങളാണ് ഉാകേത്. കുട്ടികളുടെ സിനിമയിൽ അഭിനയവും കഥയും അവതരണവുമെല്ലാം കുട്ടികൾക്ക് സ്വീകാര്യമായിരിക്കണം. നന്മയ്ക്കും മാനുഷിക മൂല്യങ്ങൾക്കും മനുഷ്യന് ചുറ്റുമുള്ള പ്രകൃതിഭംഗിക്കും പ്രാധാന്യം നൽകുന്ന കഥകൾ തിരഞ്ഞെടുത്ത് ലളിതസുന്ദരമായ അവതരണം സാധിച്ചാൽ അവ തീർച്ചയായും നല്ല ബാലചലച്ചിത്രങ്ങളായി പരിണമിക്കും. മതേതരത്വവും രാജ്യസ്നേഹവും പ്രകടമാക്കുന്നതിന് പര്യാപ്തമായ ചിത്രീകരണ ശൈലിയാണ് കുട്ടികളുടെ സിനിമയിൽ സ്വീകരിക്കേത്. പ്രകൃതിയിലെ നാദങ്ങളേയും വർണങ്ങളേയും ചലനങ്ങളേയും ആസ്വദിക്കാൻ പറ്റിയ വിധത്തിൽ പ്രകൃതിയുമായി ഇഴുകിചേർന്നുള്ള ജന്തുകഥകളോ സമൂഹത്തിന്റെ പരിഛേദമോ കഥാവസ്തുവായി തെരഞ്ഞെടുത്ത് മൂല്യങ്ങൾക്ക് പ്രാധാന്യം നൽകി കുട്ടികൾക്ക് രസിക്കുന്ന രീതിയിൽ ചിത്രീകരിക്കുന്നവയായിരിക്കണം കുട്ടികളുടെ സിനിമ. ഫലിതം ആ കഥാംശത്തിൽ അനിവാര്യമായിരിക്കണം. സംഗീതം, ചിത്രമെഴുത്ത്, ശില്പവിദ്യ, നൃത്തം തുടങ്ങിയവയുടെ പ്രാമുഖ്യം കുട്ടികളുടെ സിനിമാകഥാവസ്തുവിലുായിരിക്കണം.




കുട്ടികളുടെ സിനിമാസ്വാദനവുമായി ബന്ധപ്പെടുത്തി ക്ലാസ്റൂമിൽ എന്തെല്ലാം പഠനപ്രവർത്തനങ്ങൾ ഒരുക്കാനാവും?




സിനിമാ നിരീക്ഷണം, ആസ്വാദനക്കുറിപ്പ്, സിനിമാ ചർച്ച, സിനിമയുടെ നോട്ടീസ് തയ്യാറാക്കൽ, പോസ്റ്റർ നിർമ്മാണം, അനൗൺസ്മെന്റ്, സിനിമാശില്പശാല, അഭിമുഖം, സിനിമാപതിപ്പ് നിർമ്മാണം.

ഇനിയും എന്തെല്ലാമാകാം?

കുമ്മാട്ടി എന്ന സിനിമ കുട്ടികളുടെ സിനിമയുടെ സവിശേഷതകൾ പുലർത്തുന്നുവോ? ചർച്ചാക്കുറിപ്പ് തയ്യാറാക്കുക.

## ഡോക്യുമെന്ററി സിനിമ

യാഥാർത്ഥ്യത്തിന്റെ ചിത്രീകരണമാണ് ഡോക്യുമെന്ററി സിനിമകൾ. സങ്കൽപഭംഗിയേക്കാൾ ജീവിതയാഥാർത്ഥ്യങ്ങളുടെ സത്യസന്ധതയാണ് ഡോക്യുമെന്ററിയുടെ ആത്മനിഷ്ഠം. ഒരു വ്യക്തിയേയോ സംഭവത്തെയോ സ്ഥലത്തെയോ ആശയത്തെയോ ഒക്കെ ഏറ്റവും യാഥാർത്ഥ്യബോധത്തോടെ, ദൃശ്യങ്ങളുടെ മായാജാലങ്ങളേതുമില്ലാതെ തനതു സ്ഥലകാലസങ്കല്പത്തിൽ തന്നെ ക്യാമറയിലൂടെ പകർത്തിയെടുക്കലാണത്. ഡോക്യുമെന്ററി എന്നത് ഒരു ജീവിതരേഖയാണ്. ലോകത്തെ ആദ്യചലച്ചിത്രം തന്നെ ഡോക്യുമെന്ററിയാണ് (workers exiting from the Lumiers factory). നാനൂക്ക് ഓഫ് ദ നോർത്ത് (1913) നിയതമായ അർത്ഥത്തിലുള്ള ആദ്യ ഡോക്യുമെന്ററി സിനിമയാണ്. കൃത്യവും ഗഹനവുമായ പഠന-ഗവേഷണങ്ങൾ ഡോക്യുമെന്ററി ചിത്രങ്ങളുടെ നിർമ്മിതിക്കാവശ്യമാണ്. ചരിത്രവും, സംസ്കാരവും ഭൂമിശാസ്ത്രവും രാഷ്ട്രീയവും മതവും തുടങ്ങി മിക്ക വിഷയങ്ങളുടേയും മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ദൃശ്യഭാഗങ്ങളോ സംഭാഷണങ്ങളോ ആയിരിക്കല്ല ഡോക്യുമെന്ററി സിനിമകളിൽ ലഭിക്കുന്നത്. അതുകൊുതന്നെ ചിത്രീകരണ സമയത്തുതന്നെ മികവേറിയ എഡിറ്റിംഗ് സാധ്യതകൾ മനസ്സിൽ കുകൊാണ് ഡോക്യുമെന്ററി സിനിമകളുടെ ചിത്രീകരണം.

ഡോക്യുമെന്ററി ചിത്രീകരണത്തിൽ ശ്രദ്ധിക്കേ ചില കാര്യങ്ങൾ- പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്ന വസ്തുതകളുടെ ആഴങ്ങളിലേയ്ക്ക് ഇറങ്ങിചെല്ലുന്നതായിരിക്കണം റഫറൻസും ചിത്രീകരണ രീതികളും. പ്രധാനപ്പെട്ട വസ്തുതകളെ വലുതാക്കിയും വിശദമാക്കിയും കാണിക്കണം. ചിത്രീകരണ

സമയത്തെ സൗ ഇഫക്ടും മറ്റും അപ്പോൾത്തന്നെ ശേഖരിച്ചുവെയ്ക്കണം. കൂടുതൽ വിശദീകരണങ്ങൾക്കായി വിവിധ ഗവേഷണമാർഗങ്ങൾ അവസരോചിതമായി കൂട്ടിച്ചേർക്കാം. വിവരങ്ങൾ നൽകുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേത്, കാഴ്ചക്കാർ ദൃശ്യത്തിൽ കുകൊിരിക്കുന്ന കാര്യങ്ങൾ അതേപടി വിശദീകരിക്കരുത്. വിഷ്വലുകൾക്കപ്പുറത്തിലുള്ള അർത്ഥതലങ്ങളിലേക്കും സാധൂകരണങ്ങളിലേക്കും നയിക്കുന്നതായിരിക്കണം ശബ്ദപഥം (Voice-over) ഷോട്ടുകൾ ചിത്രീകരിക്കുമ്പോൾ കമന്ററി ആവശ്യമെങ്കിൽ അതിനാവശ്യമുള്ളത്രദൈർഘ്യം ഷോട്ടുകൾക്കും ഉായിരിക്കണം. ക്യാമറാ എഡിറ്റിംഗ് തന്ത്രങ്ങൾ ദൃശ്യഭംഗിയേക്കാൾ അർത്ഥമികവിന് ഊന്നൽ നൽകുന്നതായിരിക്കണം. സാധാരണയായി ഡോക്യുമെന്ററി സിനിമകളെ അഞ്ച് വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഭക്തി, വിദ്യാഭ്യാസം, കല, ശാസ്ത്രം, സാമൂഹികം എന്നിങ്ങനെ ഇതിന്റെ ശാഖോപശാഖകളായി വേറെയും ചിത്രങ്ങൾ നിർമ്മിച്ചെടുക്കാൻ കഴിയും.

മലയാളത്തിലെ പ്രധാനപ്പെട്ട ഡോക്യുമെന്ററി സിനിമകൾ ഏതെല്ലാമാണ്?

പാഠഭാഗ വിനിമയത്തിൽ ഡോക്യുമെന്ററി സിനിമയുടെ സാധ്യതകൾ എന്തെല്ലാമാണ്?

1. കലാമണ്ഡലം ഗോപി- അടൂർ ഗോപാലകൃഷ്ണൻ
2. ഖളൂരിക- കാവിൽ രാജ്
3. പിണിയാൾ- സിന്ദർ രാജഗോപാലൻ
4. പുലിക്കളിയാട്ടം- ജിയോ സണ്ണി
5. നിണമൊഴുകിയ നീർചാലുകൾ- ബൈജുചന്ദ്രൻ

മുകളിൽ കൊടുത്ത ഡോക്യുമെന്ററി സിനിമകളെ ഏതെല്ലാം വിഭാഗത്തിൽ ഉൾപ്പെടുത്തും?

## ആനിമേഷൻ സിനിമകൾ

ഒരചേതന വസ്തുവിന് ജീവൻ കൊടുക്കുക എന്നതാണ് ആനിമേഷൻ സിനിമയുടെ തത്വം. നമ്മുടെ മനസ്സിലുള്ള ഒരാശയത്തെ വരകളിലൂടെ ചിത്രീകരിക്കുക. ആ നിശ്ചല ദൃശ്യത്തിന് ഒരു സെക്കന്റിൽ 20

ഫെയിമുകൾ വീതം ചിത്രീകരിച്ചെടുക്കുന്നതിലൂടെയാണ് ആനിമേഷൻ സിനിമ നിർമ്മിക്കുന്നത്.


അവതാർ (അനിമേഷൻ സിനിമ)

കഥയുാക്കൽ, കഥാപാത്ര നിർമ്മിതി സെക്ച്ചുകൾ വരച്ചുാക്കൽ, സെൽ പേപ്പറുകളിൽ ചിത്രങ്ങൾ പുന സൃഷ്ടിക്കൽ, ചിത്രീകരണം, കമ്പോസിറ്റ് എഡിറ്റിങ്ങ്, സൗ്, സ്പെഷ്യൽ ഇഫക്ട്സ് എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലുള്ളവർ ഒത്തു ചേർന്നാണ് ഒരു ആനിമേഷൻ ചിത്രം അണിയിച്ചൊരുക്കുന്നത്. സുതാര്യമായ പ്രത്യേകതരം പ്ലാസ്റ്റിക് ഷീറ്റുകളിലാണ് ചിത്രങ്ങൾ വരയ്ക്കുന്നത്. ഇവയുടെ വശങ്ങളിലുള്ള ദ്വാരങ്ങളിൽ രജിസ്റ്റർ പിന്നുകളുപയോഗിച്ച് ചിത്രം ഉറപ്പിച്ചു നിർത്തുന്നു. റോസ്ട്രം ക്യാമറ (Rostrum camera) ഉപയോഗിച്ച് ഒന്നൊന്നായി ഈ ചിത്രങ്ങൾ ഷൂട്ടു ചെയ്യുന്നു. പശ്ചാത്തലങ്ങളും കഥാപാത്രങ്ങളും മറ്റ് വസ്തുക്കളുമൊക്കെ വിവിധ അടുക്കുകളായി ചിത്രീകരിച്ച് എഡിറ്റിംഗിൽ ഒറ്റ ലെയറായി രൂപപ്പെടുത്തുന്നു. Maya, 3D Max പോലുള്ള ആധുനിക സൗകര്യങ്ങളുടെ ആവിർഭാവത്തോടെ ആനിമേഷൻ സിനിമകളുടെ നിർമ്മാണം മൗസും കീബോർഡും ഉപയോഗിച്ച് കമ്പ്യൂട്ടറിൽ എളുപ്പത്തിലും കാര്യക്ഷമമായും ചെയ്യാൻ കഴിയുന്നു.

ക്ലാസ്മുറിയിൽ ഉപയോഗിക്കാവുന്ന അനിമേഷൻ ചിത്രങ്ങൾ ഏതെല്ലാം? ഏതെല്ലാം സന്ദർഭങ്ങളിൽ അനിമേഷൻ ചിത്രങ്ങൾ ഉപയോഗിക്കാം?

### ഷൂട്ടിംഗ്

സിനിമയുടെ കഥ പറയുന്നത് ഷോട്ടുകളിലൂടെയാണ്. പല ഫ്രെയിമുകൾ കൂടിച്ചേർന്ന് ഷോട്ടുകൾ ഉാകുന്നു. ഷൂട്ടിംഗ് സമയത്ത് സംവിധായകൻ ഓരോ സീനിനേയും ഷോട്ടുകളായി വിഭജിക്കും. ദൃശ്യഭംഗിയോടൊപ്പം എന്താണ് പ്രസ്തുത ഷോട്ടിലൂടെ സംവിധായകൻ പറയാനുദ്ദേശിക്കുന്നത് എന്നതിനെ ആശ്രയിച്ചാണ് ഷോട്ട് വിഭജനം നടക്കുന്നത്. ഷോട്ടുകളെ മൂന്നായി തരംതിരിക്കുന്നു.

1. ക്ലോസപ്പ് ഷോട്ട്- സമീപദൃശ്യം
2. മീഡിയം ഷോട്ട്- മധ്യദൃശ്യം
3. ലോംഗ് ഷോട്ട്- വിദൂരദൃശ്യം


1. ക്ലോസപ്പ് ഷോട്ട്- വസ്തുക്കളുടെ സൂക്ഷ്മനിരീക്ഷണമാണ് ക്ലോസപ്പ് ഷോട്ടുകളുടെ ഉദ്ദേശ്യം. അതിൽത്തന്നെ മുഖവും കഴുത്തും ഫ്രെയിമിൽ വരുന്നത്. ക്ലോസപ്പും കണ്ണോ ചുാേ മറ്റോ മാത്രമായി ഫ്രെയിമിൽ നിറയുന്നത് അതിസമീപദൃശ്യ (Extreme close up) മാണ്. വസ്തുവിന്റെ പ്രാധാന്യമോ ഭാവമോ സൂക്ഷ്മമായി പൊലിപ്പിക്കാനാണ് ക്ലോസപ്പ് ഷോട്ടുകൾ.

2. മീഡിയം ഷോട്ട്- മധ്യദൃശ്യം

വസ്തുക്കളെ വളരെ അടുത്തോ, അകലെയോ അല്ലാതെ കാണാനാണ് മീഡിയം ഷോട്ടുകൾ ഉപയോഗിക്കുന്നത്. ഒരു വ്യക്തിയെയാണ് അവതരിപ്പിക്കുന്നതെങ്കിൽ അയാളുടെ അരവരെയുള്ള ഭാഗം ഫ്രെയിമിലുായിരിക്കും. മീഡിയം ഷോട്ടിലും വ്യക്തിയുടെ മുഖഭാവത്തിന് തന്നെയാണ് പ്രാധാന്യം. പശ്ചാത്തലം അത്ര വ്യക്തമായിരിക്കില്ല.

3. ലോംഗ് ഷോട്ട്- വിദൂരദൃശ്യം

വസ്തുക്കളെ അകന്ന് നിന്ന് വീക്ഷിക്കുന്നതിനാണ് ലോംഗ് ഷോട്ട്. ലോംഗ് ഷോട്ട് മിക്കപ്പോഴും പശ്ചാത്തലം വ്യക്തമാക്കാനുപകരിക്കുന്ന ഷോട്ടാണ് കഥാപാത്രത്തിന്റെ ഭാവപരിസരവും കഥയോടുള്ള ബന്ധവും സൂചിപ്പിക്കാൻ ഇതുപകരിക്കും. ലോംഗ് ഷോട്ടുകൾ ഒരു സീനിന്റെ മാസ്റ്റർ ഷോട്ടുകളായി ഉപയോഗിക്കുന്നു. ഒരു വൈഡ് ഫ്രെയിമിൽ ആ കഥാസന്ദർഭത്തിലിരിക്കുന്ന എല്ലാ കഥാപാത്രങ്ങളെയും വസ്തുക്കളേയും അവയുടെ സ്ഥല-കാല ബന്ധത്തേയും പ്രേക്ഷകന് വ്യക്തമാക്കികൊടുക്കേത് ആവശ്യമാണ്. ഒരു ക്ലോസപ്പ് ഷോട്ടിലൂടെയോ മീഡിയം ഷോട്ടിലൂടെയോ അത് സാധ്യമാകില്ല. ഒരു മാസ്റ്റർഷോട്ടിലൂടെ സ്ഥലകാലങ്ങളും ഉൾപ്പെട്ടിരിക്കുന്ന കഥാപാത്രങ്ങളേയും കാണിച്ചാൽ പിന്നെ കഥാപാത്രത്തിന്റെ പ്രാധാന്യത്തിനും സംഭാഷണത്തിന്റെ പ്രാധാന്യത്തിനും മറ്റും അനുസരിച്ച് ക്ലോസപ്പ്



ഷോട്ടോ, മീഡിയം ഷോട്ടുകളോ ഉപയോഗിച്ച് സീനിന്റെ ചിത്രീകരണം പൂർത്തിയാക്കാം. ഈ മൂന്ന് ഷോട്ടുകളില്ലാതെ സിനിമയിൽ വേറെയും ഷോട്ടുകൾ ഉപയോഗിക്കുന്നു്.

### എഡിറ്റിംഗ് (ചിത്രസന്നിവേശം)

എഡിറ്റിംഗിലൂടെയാണ് ഒരു സിനിമ ജനിക്കുന്നതെന്നു പറയാം. അമേരിക്കൻ ചലച്ചിത്രകാരനായ എഡ്വിൻ എസ്സ്.പോർട്ടറാണ് ഈ കലാവിദ്യയുടെ ഉപജ്ഞാതാവ്. പിന്നീട് ഗ്രാഫ്ത്ത് ലേവ് കുളഷോവ്, പുഡോവികാൻ, ഐൻസ്റ്റീൻ എന്നീ ചലചിത്ര പ്രതിഭകളിലൂടെ ഈ കല സുദൃഢവും, സൗന്ദര്യാത്മകവുമായി.
ഒരു പ്രത്യേക ഘടനാക്രമത്തിലേക്ക് വിവിധങ്ങളായ ഷോട്ടുകൾ തെരഞ്ഞെടുത്ത് അടുക്കിവെയ്ക്കുകയാണ് എഡിറ്റിംഗ്. ചലചിത്രത്തിന്റെ മൊത്തത്തിലുള്ള നൈരന്തര്യം നിലനിർത്തുക എന്നതാണ് എഡിറ്റിംഗിന്റെ പ്രാഥമിക ദൗത്യം. സ്ഥലകാലങ്ങളിലൂടെയുള്ള വിവിധ പ്രവർത്തികളുടെ നൈരന്തര്യമാണിത്. താളവും വേഗതയുമാണ് എഡിറ്റിംഗിന്റെ പ്രാഥമികതത്വങ്ങൾ. പറയുന്ന കഥയുടെ മൊത്തം ഭാവഘടനയ്ക്കനുസരിച്ചായിരിക്കും റിഥം അഥവാ താളം ഷോട്ടുകൾ പരസ്പരം ചേർത്ത് വെയ്ക്കുന്ന രീതിയുടെ സ്പീഡാണ് pace അഥവാ വേഗത. ദ്രുതഗതിയിലുള്ളതോ മന്ദഗതിയിലുള്ളതോ ആകാമിത്.
ലാബിൽനിന്ന് റഷസ്സ് അഥവാ വർക്ക് പ്രിന്റ് എഡിറ്റിംഗ് ടേബിളിൽ എത്തിയാൽ ചിത്രസന്നിവേശകൻ ആദ്യമായി ക്ലപ്പ് നമ്പർപ്രകാരം ഓരോ ഷോട്ടും മുറിച്ചുമാറ്റി അവയെ അതിന്റെ ഷോട്ട് ഓർഡറിൽ കൂട്ടി ഒട്ടിക്കുന്നു. ഇതാണ് Roughcut അഥവാ first assembling. ഇതൊരു ടെക്നിക്കൽ എഡിറ്റിംഗ് മാത്രമാണ്. സൗന്ദര്യശാസ്ത്രപ്രശ്നങ്ങളില്ലാത്ത ഒന്ന്. ഇതിൽനിന്നാണ് സർഗാത്മക സന്നിവേശം ആരംഭിക്കന്നത്. യഥാർത്ഥ എഡിറ്ററുടെ സർഗാത്മകത ഈ കൂട്ടിയൊട്ടിച്ച ശ്രമത്തിൽ നിന്ന് വിഭിന്നമായി, അതിനേക്കാൾ സംവേദനക്ഷമതയും സൗന്ദര്യാത്മകതയുമുള്ള മറ്റൊരു നൈരന്തര്യം ദൃശ്യങ്ങളിൽ കത്തുന്നതിലാണ്.

### AVID/F.C.P എഡിറ്റിംഗ്

എഡിറ്റിംഗ് രംഗത്തുായ സാങ്കേതികവളർച്ചയുടെ വികസിതരൂപങ്ങളാണ് അവിഡ്, എഫ്.സി.പി തുടങ്ങിയ നോൺ ലീനിയർ സിസ്റ്റങ്ങൾ. ഇവ കൂടാതെ SMOKE, EDIT, SHAKE, COMBINATION എന്നിങ്ങനെ വേറെയും ഒട്ടനവധി എഡിറ്റിംഗ് സോഫ്റ്റ്‌വെയറുകളു്. Film composer, Mojocard, DVwith film option തുടങ്ങിയവ എഡിറ്റിംഗ് സോഫ്റ്റ്‌വെയറുകളാണ്. ആവിഡിൻ ഉപയോഗിക്കുന്നത് Cinema Tools പോലുള്ളവ FCP (Final Cut Pro) യിലും FCP യിൽ DV (ഡിജിറ്റൽ വീഡിയോ) യിൽ ചിത്രീകരിക്കുന്നതിന്റെ മുഴുവൻ ഭംഗിയും കിട്ടും. മുഴുരൂപ ഡിജിറ്റൽ പ്രക്രിയകൾക്ക് ഇതാണ് നല്ലത്. പക്ഷെ ആവിഡിനാണ് കൂടിയ അളവിൽ റഷസ്സിനെ സിസ്റ്റത്തിൽ ഉൾക്കൊള്ളിക്കാനുള്ള കഴിവ്.

ഫിലിമിൽ ചെയ്യാവുന്ന ഏത് എഡിറ്റിംഗ് ഇഫക്ടുകളെക്കാളും മികച്ചതും ആധുനികവുമായ ഏത് ദൃശ്യവിസ്മയവും ആവിഡിലും FCP യിലും ചെയ്യാനാകും.
കമ്പ്യൂട്ടർ പഠനത്തിന്റെ ഭാഗമായി നിങ്ങൾ മൊബൈൽ ക്യാമറയിൽ പകർത്തിയ ദൃശ്യങ്ങളെ എഡിറ്റ് ചെയ്ത് ക്ലാസിൽ അവതരിപ്പിച്ച് എഡിറ്റിംഗിന്റെ മേന്മ വിലയിരുത്തുക.

**ഫലപ്രദമായ ക്ലാസ്റൂം പ്രവർത്തനത്തിന് സിനിമ മാധ്യമമാക്കുന്നതിന് ശേഷി നേടുന്നു.**

## ഫിലിം ക്ലബ്ബ്

നിങ്ങളുടെ ക്ലാസിൽ ഫിലിംക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഏതെല്ലാം സിനിമകളുടെ പ്രദർശനം നടന്നു?

സിനിമാപ്രദർശനത്തിന്റെ ഭാഗമായി നടന്ന അനുബന്ധപ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു?

കുട്ടികളുടെ സിനിമാസ്വാദനം ഉയർത്തുന്നതിനുവേ വിദ്യാലയത്തിൽ നടപ്പാക്കാവുന്ന പ്രവർത്തന ങ്ങൾ എന്തെല്ലാമാണ്?

ഭാവി അധ്യാപകരെന്ന നിലയിൽ അധ്യാപന നൈപുണി വികസിപ്പിക്കുന്നതിനുള്ള ഒരു പഠനരീതി ശാസ്ത്രമായി ഫിലിം ക്ലബ്ബ് പ്രവർത്തനങ്ങൾ രൂപകല്പന ചെയ്യാവുന്നതാണ്. അതിദീർഘ സമയമുള്ള സിനിമകളേക്കാൾ ഹ്രസ്വചിത്രങ്ങളിലായിരിക്കും പ്രൈമറിക്ലാസ്സുകളിൽ സമയ ക്രമീകരണത്തിന് സഹാ യമാകുക. പ്രൈമറി ക്ലാസുകളിൽ നടത്താവുന്ന പ്രവർത്തനങ്ങൾക്ക് ദിശാബോധം ലഭിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ ഫിലിംക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കാം. മാസത്തിൽ രു പ്രാവശ്യമെങ്കിലും ഫിലിം ക്ലബ്ബിന്റെ ഭാഗമായ സിനിമാ ആസ്വാദന പരിപാടികൾ നടക്കണം. സിനിമ കതിന് ശേഷം സിനിമയുടെ കാഴ്ച അനുഭവത്തെ അടിസ്ഥാനപ്പെടുത്തി ചർച്ചകൾ നടത്തണം. ഫിലിം ക്ലബ്ബിന്റെ നേതൃത്വത്തിൽ സിനിമാരംഗത്ത് പ്രവർത്തിക്കുന്ന പ്രതിഭകളുമായി മുഖാമുഖം പരിപാടികൾ സംഘടി പ്പിക്കാവുന്നതാണ്, രക്ഷിതാക്കൾക്കുവേിയും സിനിമാപ്രദർശനം സംഘടിപ്പിക്കാം. സിനിമാപ്ര ദർശനത്തിന്റെ അറിയിപ്പ് മുൻകൂട്ടി പ്രദർശിപ്പിക്കുന്നത് സിനിമയുടെ ചർച്ചയിൽ സജീവമായി ഇടപെടു ന്നതിനു വേ റഫറൻസ് നടത്താൻ സഹായകമാകും. സിനിമാ ശില്പശാലകൾ, ലഘുസിനിമാ നിർമ്മാണം, സിനിമാ ആസ്വാദന ചർച്ചകൾ, സിനിമാ പതിപ്പുകൾ, സിനിമാ വാർത്തകൾ, സിനിമാ റിവ്യൂ എന്നിവയും ഫിലിം ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കാം.

സംവിധാനം

സിനിമ സംവിധായകന്റെ കലയാണ്.ക്ലാസിൽ ഒരു സംവാദം സംഘടിപ്പിക്കുന്നതിന് എന്തെല്ലാം കാര്യ ങ്ങൾ നിങ്ങൾ റഫർ ചെയ്യും? അതിന്റെ അടിസ്ഥാനത്തിൽ ഒരു കുറിപ്പ് തയാറാക്കുക.



**അടൂർ ഗോപാലകൃഷ്ണൻ**

1941 ജൂലൈ 3 ന് ജനനം.


ഇന്ത്യയിലെ ഒന്നാംകിട ചലച്ചിത്രകാര ന്മാരുടെ ഇടയിൽ സ്ഥാനമുള്ള അടൂർ ഗോപാലകൃഷ്ണൻ മലയാള സിനിമയെ നവീകരിച്ചതിൽ ഒന്നാമൻ. 1971 ലെ സ്വയംവരം എന്ന സിനിമ മുതൽ അദ്ദേ ഹം നവ സിനിമാ പ്രസ്ഥാനത്തിന്റെ വഴികാട്ടിയായി തുടരുന്നു. രാഷ്ട്രം പത്മ വിഭൂഷൻ നൽകി ആദരിച്ചു. 16 തവണ ദേശീയ അവാർഡ്, 17 തവണ കേരള സംസ്ഥാന അവാർഡ് ലഭിച്ചു. സംവി ധാനം ചെയ്ത് എല്ലാ ചിത്രങ്ങളും മല യാള സിനിമയിലെ നാഴികക്കല്ലുകളായി.



**ജി. അരവിന്ദൻ**

1935 ജനുവരി 21 ന് കോട്ടയത്ത് ജനി ച്ചു.

ഗോവിന്ദൻ അരവിന്ദൻ ജി. അരവിന്ദൻ എന്നറിയപ്പെട്ടു. സംഗീതജ്ഞനും കാർട്ടൂണിസ്റ്റുമായിരുന്നു അരവിന്ദൻ. കേരളത്തിലെ ചലച്ചിത്ര ചിന്തയെ അര വിന്ദൻ മാറ്റി മറിച്ചു. ഉത്തരായനം മുതൽ വാസ്തുഹാരവരെയുള്ള അര വിന്ദന്റെ ചലച്ചിത്രങ്ങൾ മലയാള സിനി മയുടെ നവഭാവുകത്വത്തിന്റെ നേതൃത്വം ഏറ്റെടുത്തു. കേന്ദ്ര-സംസ്ഥാന അവാർഡുകൾ നിരവധി ലഭിച്ചു. 1991 മാർച്ചിൽ അന്തരിച്ചു.



**സത്യജിത് റേ**

1921 മെയ് 2 ന് കൽക്കത്തയിൽ ജനനം. ലോക സിനിമയിൽ തന്നെ മികച്ച ചലച്ചിത്ര രചയി താവായി പരിഗണിക്കപ്പെടുന്നു. റേ 36 സിനിമകൾസംവിധാനം ചെയ്തു. 1955ലെ പഥേർ പാഞ്ചാ ലിയാണ് ആദ്യ സിനിമ. പതി നൊന്ന് അന്തർദ്ദേശീയ സമ്മാന ങ്ങളാണ് പഥേർ പഞ്ചാലി നേടി യത്. ഇന്ത്യാ ഗവൺമെന്റ് ആദ്യത്തെ 1992 ൽ ഭാരത രത്നം നൽകി ആദരിച്ചു. 1992 ഏപ്രിൽ മാസത്തിൽ 70ാം വയസ്സിൽ നിര്യാതനായി.

### വീഡിയോ ലൈബ്രറി

നിങ്ങളുടെ വിദ്യാലയത്തിൽ ഒരു വീഡിയോ ലൈബ്രറി ഒരുക്കുന്നതിനുവേ എന്തെല്ലാം തയാറെടുപ്പുകൾ നടത്തേ താണ്? വീഡിയോ ലൈബ്രറിയുടെ പ്രവർത്തനങ്ങൾക്കുവേ ഒരു പ്ലാൻ തയാറാക്കുക.

### ഷോർട്ട് ഫിലിം

ഫിലിം ക്ലബ്ബിന്റെ നേതൃത്വത്തിൽ നിങ്ങൾ എന്തെല്ലാം ഹ്രസ്വ സിനിമകൾ പ്രദർശിപ്പിക്കും?

ഹ്രസ്വ സിനിമകൾ പഠനപ്രവർത്തനത്തിന്റെ ഭാഗമായി ഉപയോഗിക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ആലോചിക്കേ തു്?

- സമയദൈർഘ്യം
- പഠന വിഷയവുമായുള്ള ബന്ധം
- മറ്റ് എന്തെല്ലാം കാര്യങ്ങൾ?

ഒരാശയത്തെ ശക്തമായ അനുഭവമാക്കി അവതരിപ്പിക്കാൻ ഹ്രസ്വസിനിമയിലൂടെ കഴിയും. കുറഞ്ഞ സമയത്തിനുള്ളിൽ വലിയൊരു ദൃശ്യാനുഭവമാണ് ഹ്രസ്വ സിനിമകൾ കാഴ്ചവയ്ക്കുന്നത്. വലിയ സന്നാഹങ്ങളൊന്നുമില്ലാതെയും ഹ്രസ്വ സിനിമകൾ നിർമിക്കാൻ കഴിയുമല്ലോ.

ഒരു ഹ്രസ്വ സിനിമാ നിർമാണത്തിനുവേ എന്തെല്ലാം തയാറെടുപ്പാണ് നിങ്ങൾ ക്ലാസിൽ ചർച്ച ചെയ്യുക.

- തിരക്കഥ
- സംവിധാനം
- സാങ്കേതിക സഹായങ്ങൾ
- ചുമതലകൾ
- ഷൂട്ടിംഗ്
- എഡിറ്റിംഗ്

ഗ്രൂപ്പുകൾ തയാറാക്കിയ ഹ്രസ്വ സിനിമകളുടെ പ്രദർശന മത്സരം നിങ്ങളുടെ സ്ഥാപനത്തിൽ എങ്ങനെ സംഘടിപ്പിക്കും?

### അധികവായനയ്ക്ക്

1. സിനിമറ്റോഗ്രഫി - പഠനവും പ്രയോഗവും - എ.എം. മനോജ്കുമാർ
2. സിനിമയും സാങ്കേതിക വിദ്യയും - അനിൽകുമാർ തിരുവോത്ത്
3. ഇന്ത്യൻ സിനിമയിലെ മാസ്റ്റേഴ്സ് - എഡിറ്റർ അനിൽകുമാർ തിരുവോത്ത്
4. സിനിമയുടെ പാഠങ്ങൾ - സാജൻ തെരുവപ്പുഴ